# ജോൺ പോൾ രണ്ടാമന്റെ
# കവിതകൾ



വിവ: ജോസഫ് അഞ്ചനാട്ട്

-K 55

767

# ജോൺ പോൾ രണ്ടാമൻെറ കവിതകൾ

Malayalam
**JOHN PAUL RANDAMANTE KAVITHAKAL**
(Poems)
Transtation:
Prof. JOSEPH ANCHANATTU M. A.
First Published February 1986
Printed at the Seraphic Press
Bharananganam 686 578
Copy right reserved
Cover design: Sigma
Price Rs. 8-00
Publishers: Jeeven Books
Bharananganam - 686 578
Kottayam Dt.

ന|811.
JO-P-2-K

3007

# ജോൺ പോൾ രണ്ടാമന്റെ കവിതകൾ

ACHARYA PALACKAL
11066
LIBRARY
ALUVA

വിവർത്തകൻ

ജോസഫ് അഞ്ചനാട്ട്

ST. ANTONY'S MONASTERY
767
Phone : 3140
ALWAYE-1

വിതരണം

**ജീവൻ ബുക്സ്**

**ഭരണങ്ങാനം-686578**

വില രൂ. 8 . 00

**ജോസഫ് അഞ്ചനാട്ടിന്റെ കൃതികൾ**

| | |
|---|---|
| മേഘമാല | (ഉപന്യാസം) |
| ഉദയരാഗം | (കവിതാസമാഹാരം) |
| വഴിയമ്പലം | ( ,, ) |
| സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി | (കവിതാവിവർത്തനം) |
| ജോൺ പോൾ രണ്ടാമന്റെ കവിതകൾ | ( ,, ) |

# മാർപ്പാപ്പയായ കവി

നമ്മുടെ മാർപ്പാപ്പാ ജോൺ പോാം രണ്ടാമൻ പ്രതിഭാശാലിയായ ഒരു കവിയാണ്. എത്ര സന്തോഷകരമായ വാർത്ത! പ്ലേറേറായുടെ "റിപ്പബ്ളി"ക്കിൽ തത്വചിന്തകനായ ഭരണാധികാരി ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി പറഞ്ഞിരിക്കുന്നു. ഒരു മാർപ്പാപ്പാ തത്വചിന്തകനായിരിക്കുമെന്നു നമുക്കു ന്യായമായി ഊഹിക്കാം. എന്നാൽ അദ്ദേഹം ഒരു കവി കൂടി ആയിരിക്കുന്നതു് പൊന്നുംകുടത്തിനു് പൊട്ടുതൊട്ടതുപോലെയാണ്. പോപ്പ് വെറും ഒരു ഭരണാധികാരിയല്ല. കത്തോലിക്കാസഭയെ അംഗീകരിച്ചിട്ടുള്ള വിശ്വാസികൾക്കെല്ലാം അദ്ദേഹം നല്ല പിതാവും ഇടയനും കൂടിയാണ്. ധർമ്മത്തിൻെറയും ജ്ഞാനത്തിൻെറയും നീതിയുടേയും കരുണയുടെയും സർവ്വോപരി സ്നേഹത്തിൻെറയും അത്യുന്നതമായ പീഠത്തിൽ ഉപവിഷ്ഠനായിരുന്നുകൊണ്ടു് മാർപ്പാപ്പ പറയുന്ന വാക്കുകൾ ലോകത്തുള്ള എല്ലാ ഭരണാധികളും പൂർണ്ണമായി അനുസരിച്ചില്ലെങ്കിലും ശ്രദ്ധിക്കാതെയിരിക്കുകയില്ല. അങ്ങനെയുള്ള ആചാര്യവര്യൻ ഒരു കവിയായിരിക്കുന്നതിൽ ഞാൻ അത്യന്തം ആഹ്ളാദിക്കുന്നു.

1950–മുതൽ ആൻഡ്രേഷ്യാവിയൻ [Andrezei-Javien] എന്നൊരു കവി യൂറോപ്പിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ കവിതയിൽ ഉരുക്കിൻെറ ഉറപ്പും വനമുല്ലയുടെ ലളിതോജ്ജ്വലമായ ശുദ്ധകാന്തിയും അസാധാരണമായ സമാനഭാവം പൂണ്ടു നിന്നിരുന്നു. അപൂർവ്വം ചിലർ മാത്രമേ ഈ 'കവി'യെ നേരിട്ടു കണ്ടിരുന്നുള്ളു. ഈ ക്രാക്കോവിലെ പുരോഹിത ശ്രേഷ്ഠനായിരുന്ന കർദ്ദിനാൾ വോയ്ററീവ (Cardinal Woityla) ആയിരുന്നുവെന്നു് അദ്ദേഹം മാർപാപ്പയായി അഭിഷേകം ചെയ്യപ്പെടുന്നതുവരെ ലോകം അറിഞ്ഞിരുന്നില്ല.

ആദ്ധ്യാത്മിക ലോകത്തു് എനിക്കു് ഏററവും സമാരാധ്യനായിട്ടുള്ള കവി സെൻറ് ജോൺ ഓഫ് ദി ക്രോസ്സ് എന്ന പുണ്യചരിതനാണു്. സന്ന്യാസിമാരുടെയിടയിൽ ഇത്ര കണ്ടു ത്യാഗസുരഭിലവും, സത്യസന്ധവും പരിപാവനവുമായ ജീവിതം നയിച്ച ഒരു സ്നേഹഗായകൻ വേറെയുണ്ടോ എന്നു സംശയമാണു്. പോപ്പ് ജോൺ പോൾ തിരുമേനിയും സെൻറ് ജോൺ ഓഫ് ദി ക്രോസ്സിൻെറ കാവ്യപ്രപഞ്ചത്തെ തൻെറ ഏററവും വലിയ പ്രചോദനമായി എണ്ണിപ്പോരുന്നതു് എന്നെ കൂടുതലായി സന്തുഷ്ടനാക്കുന്നുണ്ടു്.

മാർപ്പാപ്പാ ജോൺപോൾ രണ്ടാമൻെറ പോളീഷ് കവിതകളിൽ ചിലതു മാത്രമേ ഇതുവരെ ഇംഗ്ളീഷിൽ വന്നിട്ടുള്ളു. മൂലകവിതയുടെ സൗകുമാര്യം എത്ര വിദഗ്ധൻെറ തർജ്ജമയിലും കുറയെല്ലാം നഷ്ടപ്പെടും. തർജ്ജമയുടെ തർജ്ജമ ആകുമ്പോഴേക്കും ആശയം കൂടി വികലമാകാനിടയുണ്ടു്. എന്നാൽ പോളീഷ് ഭാഷയോ ഇംഗ്ളീഷോ അറിയില്ലാത്തവർക്കും മാർപ്പാപ്പായുടെ കവിത ആസ്വാദിക്കാൻ അവസരം ലഭിക്കേണ്ടതാണു്. മലയാളികൾക്കു് അതു ലഭ്യമാക്കുന്ന ഈ വിവർത്തനം വായനക്കാർക്കായി തുറന്നുകൊടുക്കുക എത്രയോ ചാരിതാർത്ഥ്യജനകമാണു്. അതോടൊപ്പം എൻെറ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചിട്ടുള്ള 'ക്വാറി' (കല്ലുമട) എന്നകവിതയെപ്പററി ഏതാനും വാക്കുകൾ കുറിച്ചുകൊള്ളട്ടെ.

യാവിയൻെറ ശൈലി സരളമല്ല. ക്ളിഷ്ടവുമല്ല. മനക്കണ്ണുകൊണ്ടു് കാണേണ്ടുന്ന ശില്പചാതുരി അതിലുണ്ടു്. അതേ സമയം ധ്യാനപൂർവ്വം വായിക്കേണ്ടുന്ന വരികളാണതാനും. മനസ്സിരുത്തി വായിക്കണമെന്നു മാത്രം.

'ക്വാറി' എന്ന കവിതയിൽ ഇപ്രകാരം മാർപ്പാപ്പാ, യിലെ കവീന്ദ്രനായ യാവിയൻ അദ്ധ്വാനിക്കുന്ന മനുഷ്യൻെറ യഥാർത്ഥമായ രൂപത്തെ സചേതനമായ ഒരു

ശില്പത്തിലെന്നപോലെ വിരചിച്ചിരിക്കുന്നു. ഊക്കൻ പാറയുടെ അചഞ്ചലമായ ഉറക്കരുത്തിന്റെ നേർക്കു കൂട മോങ്ങി നില്ക്കുന്ന ബലിഷ്ഠനായ മനുഷ്യന്റെ സജീവചിത്രം അദ്ദേഹം വരച്ചുകാട്ടിയിരിക്കുന്നതു് പുറമേ നിന്നുകൊണ്ടല്ല, കർമ്മശക്തിയുടെ അജയ്യമായ വെല്ലുവിളിപോലെ വലിഞ്ഞുമുറുകി നില്ക്കുന്ന പേശികളിൽ യോഗാരൂഢന്റെ കർമ്മ കൗശലം പകർന്നുകൊടുക്കുന്ന ചിദ്വിലാസത്തെ എടുത്തു കാണിച്ചുകൊണ്ടാണു്. പാറ പൊട്ടിക്കുന്ന അദ്ധ്വാനിയുടെ മനസ്സിൽ ഉറഞ്ഞുകൂടുന്ന ദുഃഖവും വേദനയും രോഷവും അവന്റെ വിട്ടുവീഴ്ചയില്ലാത്ത കർമ്മനിപുണതയ്ക്കു് ഊർജ്ജം പകരുകയാണു് ചെയ്യുന്നതു്. ഈശ്വരനെ ഗോഥിക്കു ദേവാലയങ്ങളിൽ കണ്ടു പഴകിയ യാവിയന്റെ കണ്ണുകൾ പാറ പൊട്ടിക്കുന്നവനിൽ ഗോഥിക് ദേവാലയം കാണുന്നു. കവി കാണുന്ന ഈ അസാധാരണ ദേവാലയം ഒരു ശില്പി കല്ലിൽ മുദ്രണം ചെയ്തു നിറുത്തിയിരിക്കുന്ന ഒരു കലാമാതൃകയിലെ വൈശിഷ്ട്യമോ അപ്രഗത്ഭതയോ അല്ല. യാവിയൻ കാണുന്നതു് ഒരു പാർശ്വദൃശ്യമല്ല. ഈ സചേതനമായ ദേവാലയം മുഴമുതലായ മനുഷ്യനാണു്.

''Not a mere figure between God and stone,
Sentenced to grandeur and error.''

ഇതു വായിക്കുമ്പോൾ നാം ഓർത്തുപോകുന്നതു് മഹാകവി രവീന്ദ്രനാഥ് ടാഗോറിന്റെ ഗീതാഞ്ജലിയിലെ ''ഡെലിവറൻസ്'' എന്ന കവിതയാണു്.

''ഏകാന്തമായ ഈ അമ്പലത്തിന്റെ ഇരുളടഞ്ഞ മൂലയിൽ കതകടച്ചിരുന്നു് നിങ്ങൾ ആരെയാണു് ആരാധിക്കുന്നതു്? കണ്ണു തുറന്നു നോക്കുവിൻ. നിങ്ങളുടെ ദൈവം നിങ്ങളുടെ മുമ്പിലില്ല അവൻ പാടത്തെ കടുത്ത നിലം ഉഴുതുമറിക്കുന്ന കർഷകന്റെയും കല്ലുടച്ചു് വഴിയുണ്ടാക്കുന്നവന്റെയും അടുത്താണു്. അവരോടൊപ്പം വെയിലിലും മഴയിലും കഴിയുന്ന അവന്റെ മേലങ്കിയിൽ പൊടി നിറഞ്ഞിരിക്കുന്നു. നിങ്ങളും വിശുദ്ധമായ ഉടയാട

അഴിച്ചു വെച്ചിട്ട് അവനെപ്പോലെ ചെളി നിറഞ്ഞ ഈ മണ്ണിലേക്ക് ഇറങ്ങിവരുവിൻ''

യാവിയൻെറ ഈ കവിതയുടെ രണ്ടാംഭാഗം പ്രചോദനം (inspiration) എന്നപേരിലും മൂന്നാംഭാഗം പങ്കാളിത്തം (participation) എന്ന പേരിലുംഎഴുതിയിരിക്കുന്നു.

ഒന്നാം ഭാഗത്തിൽ കാണുന്ന കാർക്കശ്യവും, കോപവും, വേദനയും, കിരാത ശക്തിയും രണ്ടാം ഭാഗമായ ''പ്രചോദന''ത്തിൽ വരുമ്പോഴേക്കും ശാലീനമായ ഒരു അന്തർന്നാടകമായി മാറുന്നു. മുഷ്ടിശക്തിയിൽ മുററി നില്ക്കുന്ന ഇച്ഛാശക്തി ശിലാകൂടത്തിൽ ആഞ്ഞു മുട്ടുമ്പോൾ അതുണ്ടാക്കുന്ന മണിനാദം ചിന്തയിൽ നിശ്ചയാത്മകമായ തീരുമാനമുണ്ടാക്കുന്നു. കൈയ്ക്കും കരളിനും അതൊരുപോലെ കുളിരുകോരുന്ന ഉത്തേജനമായിത്തീരുന്നു.

മൂന്നാം ഭാഗമായ ''പങ്കാളിത്തം'' എഴുതിയ തൂലികയ്ക്ക് തൊഴിലാളിയുടെ ഉൾത്തുടിപ്പും അവനിലെ മനുഷ്യൻെറ അനശ്വരമായ സന്ദേശവും ചിന്തോദ്ദീപകമായി ആലേഖ്യം ചെയ്യുവാൻ കഴിഞ്ഞിരിക്കുന്നു. അതു വായിക്കുമ്പോൾ പിന്നെയും നാം ടാഗോറിൻെറ വരികൾ ഓർക്കുന്നു:

''അവൻെറയടുത്തു വരിക
അവനോടൊപ്പം നെറുകയിൽ
വിയർപ്പണിഞ്ഞുകൊണ്ടു്
അവൻെറ വേലയിൽ സഹകാരിയാവുക''

മാർപ്പാപ്പാ ജോൺ പോൾ രണ്ടാമനിലെ വിശോത്തരനായ കവി യാവിയനു് എൻെറ ആദരാഞ്ജലികൾ!

മലയാററൂർ,
16-1-86

നിത്യചൈതന്യയതി

# പ്രകാശത്തിലെത്തിക്കുന്നകവിത

കവിതയെ വിലമതിക്കുകയും അതു് ആസ്വദിക്കാൻ താത്പര്യം കാട്ടുകയും ചെയ്യുന്ന ഒരു ജനതയാണു് പൊതുവേ പോളണ്ടുകാർ. അവരുടെ പ്രാചീന സാഹിത്യത്തിൽ കവിതയ്ക്കു പ്രമുഖമായൊരു സ്ഥാനമുണ്ടു്. രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു് ഒരു വർഷം മുമ്പു് വോയ്റ്റീവ ക്രാക്കോയൂണിവേഴ്സിറ്റിയിൽ ചേർന്നതു് പോളിഷ് സാഹിത്യം പഠിക്കാനായിരുന്നു. പോളണ്ടു് ജർമ്മൻകാരുടെ ആധിപത്യത്തിലമർന്നതിനെത്തുടർന്നുള്ള വർഷങ്ങളിലാണു് വോയ്റ്റീവയ്ക്കു വൈദികജീവിതത്തിലേയ്ക്കു ദൈവവിളി ലഭിച്ചതു്. അതിനു മുമ്പു് അദ്ദേഹത്തിനു് കല്ലുമടയിലും കെമിക്കൽ ഫാക്ടറിയിലുമൊക്കെ ജോലി ചെയ്തു് ഉപജീവനം കഴിക്കേണ്ടിവന്നിട്ടുണ്ടു്. ഇക്കാലത്തെല്ലാം വോയ്റ്റീവയിലെ കവിതാവാസന കെടാതെ നിലനിന്നു പോന്നു.

1946 നവംബറിൽ 26-ാം വയസ്സിൽ വോയ്റ്റീവ വൈദികനായി. അക്കാലത്തൊക്കെ രണ്ടുതരം ദൈവവിളികൾ അദ്ദേഹത്തിൽ സമാന്തരമായി നിലനിന്നിരുന്നെന്നു പറയാം: വൈദികത്വത്തിലേയ്ക്കും കവിത്വത്തിലേയ്ക്കുമുള്ള വിളികൾ. രണ്ടാമത്തേതു് ആദ്യത്തേതിനെയപേക്ഷിച്ചു് കൂടുതൽ ആച്ഛാദിതവും നിഗൂഢവുമായിരുന്നെന്നു മാത്രം. വോയ്റ്റീവ തെരഞ്ഞെടുത്ത തൂലികാനാമം തന്നെ ശ്രദ്ധേയമാണു്. 'യാവിയൻ' എന്നതു് ഒരു ആധുനിക പോളിഷ് നോവലിലെ ഒരു കഥാപാത്രത്തിൻെറ പേരാണു്. ആ പദത്തിൻെറ മൂലത്തിനു് പോളിഷ് ഭാഷയിൽ, 'ആത്മാവബോധം നേടുന്നവൻ,' 'പ്രകാശത്തിലെത്തിച്ചേരുന്നവൻ' എന്നൊക്കെയാണർത്ഥം. വോയ്റ്റീവയിലെ 'യാവിയൻ' 16 വർഷങ്ങൾക്കു ശേഷം പൂർണ്ണപ്രകാശത്തിലെത്തിച്ചേർന്നു.

1978 ഒക്ടോബറിലാണല്ലോ ആ കവി പാപ്പാസ്ഥാന ത്തു് അവരോധിക്കപ്പെടുന്നതു്.

ശൈലി, പ്രതിപാദ്യം തുടങ്ങിയവയിൽ പ്രാതിനി ധ്യസ്വഭാവമുള്ള 42 കവിതകളാണു് ഈ സമാഹാരത്തി ലുള്ളതു്. അവ വോയ്റ്റീവയുടെആധ്യാത്മിക വളർച്ചയു ടെ വിവിധഘട്ടങ്ങളെക്കുറിക്കുന്നു. അതോടൊപ്പം അവയു ടെപ്രസിദ്ധീകരണവർഷങ്ങൾക്കിടയിൽ അദ്ദേഹത്തിലും ചുററുമുള്ള ലോകത്തിലും സംഭവിച്ച നാടകീയ പരിവർത്ത നങ്ങളിലേയ്ക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു. 1950–ൽ വോയ്റ്റീവ ഒരു നവവൈദികനും ഗവേഷണവിദ്യാർ ത്ഥിയുമായിരുന്നു. 1962–ലെ വത്തിക്കാൻ കൗൺസി ലിൽ, ഒരു മെത്രാനെന്ന നിലയിൽ അദ്ദേഹം പങ്കെടുത്തു. 1966–ൽ പോളണ്ടു് ഒരു ക്രൈസ്തവരാജ്യമെന്ന നില യിൽ ആയിരം വർഷം പൂർത്തിയാക്കിയതിൻെറ സ്മര ണ ആചരിക്കപ്പെടുകയുണ്ടായി. 'ഈസ്റ്റർ ജാഗരണം, 1966' എന്ന കവിത അതോടനുബന്ധിച്ചു രചിക്കപ്പെട്ട താണു്. ഒരു വർഷത്തിനു ശേഷം വോയ്റ്റീവ കർദ്ദി നാളായി.

ഈ സമാഹാരത്തിലെ ആദ്യകവിതകൾ പൂർവ്വയൂ റോപ്പിലെ സഭ വൈഷമ്യബഹുലമായ ഒരു ദശകത്തിലൂ ടെ കടന്നുപോയ കാലത്തു രചിക്കപ്പെട്ടവയാണു്. 1950- കളുടെ ആരംഭത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് ഭരണാധികാ രികൾ മതവിശ്വാസത്തിനെതിരെ എല്ലാരംഗങ്ങളിലും ഒ രാക്രമണം അഴിച്ചുവിട്ടിരുന്നു. വിദ്യാഭ്യാസം, പ്രസ്, റേഡിയോ എന്നിവയെല്ലാം അതിൻെറ ഉപാധികളായി ത്തീർന്നു. ഇടവക വൈദികൻ മുതൽ മെത്രാൻ വരെയു ള്ള സഭാധികാരികളുടെ പ്രവർത്തനങ്ങൾക്കു തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടു. പോളണ്ടിലെ പ്രൈമററിനെ ഒരുആശ്ര മത്തിൽ തടവുകാരനായി പാർപ്പിച്ചു. ഇത്തരമൊരു സാ ഹചര്യത്തിൽ നന്മ ചെയ്യണമെങ്കിൽ നിശ്ശബ്ദമായ ധീ രോദാത്തതയായിരുന്നു ആവശ്യം. അക്കാലത്തു് ആത്മാ വിൻെറ ഭീകരരാത്രിയെന്നതു് ജോൺ ഓഫ് ദി ക്രോസി

ൻെറ ഒരു കാവ്യപ്രമേയം മാത്രമായിരുന്നില്ല, പോളണ്ടി ലെ ഓരോ ക്രിസ്ത്യാനിയേയും അഭിമുഖീകരിച്ച ഒരു ക്രൂരയാഥാർത്ഥ്യം കൂടിയായിരുന്നു. അച്ചടിച്ചതെന്തും പോളണ്ടിൽ സെൻഷർഷിപ്പിനു വിധേയമായി. വോയ്ററീവയുടെ കവിതകൾക്ക വ്യക്തമായ രാഷ്ട്രീയച്ചുവയൊന്നുമില്ലായിരുന്നെങ്കിലും, അവയും കർശന പരിശോധനയ്ക്ക വിഷയീഭവിക്കാതിരുന്നില്ല. 'സൈറീൻ കാരനായ ശെമയോൻ' തുടങ്ങിയ കവിതകളെ ഈ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ, അവയ്ക്ക പല അർത്ഥാന്തരങ്ങളും ധ്വനിഭേദങ്ങളുമുള്ളതായി ബോധ്യപ്പെടും. കുരിശുചുമക്കാൻ യേശുവിനെ സഹായിച്ച ശെമയോൻ, ഇക്കാലത്തെ മനുഷ്യരിലൂടെ തുടർന്നു ജീവിക്കുന്നെന്നു മനസ്സിലാകും.

'കല്ലുമട' എന്ന കവിത രചിക്കപ്പെട്ടതു് 1956–ലാണ്. അതു് യുദ്ധാനന്തര പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടവും സഭയും തമ്മിലുള്ള ബന്ധത്തിൽ ഒരു നിർണ്ണായക വർഷമായിരുന്നു. കല്ലുമടയിൽ അധ്വാനം, കോപം, സ്നേഹം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ദാർശനിക പരാമർശങ്ങൾ കാണാം. പരമ്പര അവസാനിക്കുന്നതു് അപകടത്തിൽപ്പെട്ടു മൃതിയടഞ്ഞ ഒരു കൂട്ടുപണിക്കാരനെക്കുറിച്ചുള്ള വേദനിപ്പിക്കുന്ന ഓർമ്മകളോടെയാണ്. വോയ്ററീവ ക്രാക്കോവിനു സമീപമുള്ള കല്ലുമടകളിൽ ജോലി ചെയ്തിരുന്ന കാലത്തെക്കുറിച്ചുള്ള വിഷാദഭരിതമായ ഓർമ്മകൾ അതിൽ നിഴൽ വിരിച്ചു നിൽക്കുന്നു .

വോയ്ററീവയുടെ കവിതയിലെ ഒരുപ്രധാനപ്രതിപാദ്യവിഷയമാണ് അദ്ധ്വാനം. 'സൈറീൻകാരൻെറ പാർശ്വചിത്രം' എന്ന ശീർഷകത്തിലുള്ള പരമ്പരയിൽ കാർ ഫാക്ടറിത്തൊഴിലാളി, ആയുധനിർമ്മാണശാലയിലെ തൊഴിലാളി, ദിവസം എട്ടുമണിക്കൂർ ടൈപ്പുചെയ്യുന്ന സ്ത്രീ, ബുദ്ധിജീവി, നടൻ, പ്രേമഭംഗം പിണഞ്ഞ പെൺകുട്ടി എന്നിവരൊക്കെ പ്രത്യക്ഷപ്പെടുന്നു. കേവലസാധാരണമായ വിശദാംശങ്ങൾ പോലും അന്യാ

കരിക്കാനാവൂ എന്നു വിശ്വസിച്ച കവിയായിരുന്നു നോർവിഡ്. സൗന്ദര്യത്തെ 'ദൈവത്തിന്റെ പാർശ്വചിത്ര' (God's profile) മായിട്ടാണ് അദ്ദേഹം കണ്ടത്.

ഒരു പുരോഹിതകവിക്ക് ഇതരകവികളെയപേക്ഷിച്ച് എന്തെങ്കിലും വ്യത്യാസമുണ്ടോ? ഈ ചോദ്യം കർദ്ദിനാൾ വോയ്റ്റീവ ഒരു സന്ദർഭത്തിൽ ഉന്നയിക്കുന്നുണ്ട്. ചില വൈദികർ രചിച്ച കവിതകളുടെ ഒരു സമാഹാരത്തിന് അദ്ദേഹമെഴുതിയ ആമുഖത്തിലാണത്. വൈദികത്വത്തിലേയ്ക്കും കവിത്വത്തിലേയ്ക്കുമുള്ള ദ്വിമുഖ ദൈവവിളികൾ ഒരേ വ്യക്തിയിൽ സഹവർത്തിത്വം കൊള്ളുകയും പരസ്പരം കരണപ്രതികരണങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന ചോദ്യമുന്നയിച്ചിട്ട് അതു് ഒരു വ്യക്തിരഹസ്യമാണെന്ന് അദ്ദേഹം മറുപടിനൽകുന്നു. വോയ്റ്റീവയുടെ കവിതകളിലൂടെ അനാവൃതമാകുന്നതും ഈ വ്യക്തിരഹസ്യമല്ലേ?

ജോൺ പോൾ രണ്ടാമന്റെ സമ്പന്ന വ്യക്തിത്വത്തിലേയ്ക്ക് ഒരുൾക്കാഴ്ച നേടാൻ അനുവാചകനെ സഹായിക്കുന്നതാണ് അദ്ദേഹത്തിന്റെ കവിതകളെന്നതിൽ സംശയമില്ല. ചിന്താപ്രധാനമായ ഈ കവിതകൾ ഉരുത്തിരിഞ്ഞ ഹൃദയമാവട്ടെ അനുകമ്പകൊണ്ടു മസൃണമാണ്. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ പോളിഷ്സാഹിത്യത്തിന്റെ പ്രൊഫസറും, കവി, നോവലിസ്റ്റ്, നിരൂപകൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനുമായ ജെർസി പീറ്റർ കിവിസ് ആണ് ഈ സമാഹാരത്തിലെ കവിതകൾ തെരഞ്ഞെടുത്ത് ഇംഗ്ളീഷിലേയ്ക്കു പരിഭാഷപ്പെടുത്തിയതു്. ഈ മലയാള വിവർത്തനം തയ്യാറാക്കിയതു് പ്രസ്തുത പരിഭാഷയെ ആശ്രയിച്ചാണ്.

എസ്. ബി. കോളജ്

ചങ്ങനാശ്ശേരി — പ്രൊഫ. ജോസഫ് അഞ്ചനാട്ട്

15—1—1986 — (പരിഭാഷകൻ)

# കവിതകൾ


## മാതൃഗീതം

അമ്മയുടെ വിസ്മയം —10
യോഹന്നാൻെറ പ്രാർത്ഥന —12
പുതുസമയത്തിൻെറ സമാശ്ലേഷത്തിൽ —14

## ജലത്തിൻെറ ശോഭയെക്കുറിച്ചുള്ള ഗീതം

ശാകാറിലെ കിണററിനുള്ളിലേയ്ക്ക് നോക്കുമ്പോൾ —17
കിണററുകരയിൽനിന്നു വേർപിരിയുമ്പോൾ
ശമറായക്കാരിയുടെ വാക്കുകൾ —19
ശമറായക്കാരി —20
ശമറായക്കാരിയുടെ ചിന്തകൾ —21
ജലശോഭയെക്കുറിച്ച് ഒരു ഗീതം —24

## ചിന്ത എന്ന അത്ഭുതമേഖല

ചിന്ത വാക്കുകൾക്ക് പ്രതിരോധം —26
വാക്കുകൾ ചിന്തയ്ക്ക് പ്രതിരോധം —27
പ്രമാദം —28

## കല്ലുമട

പദാർത്ഥം —30
പ്രചോദനം —35
പങ്കാളിത്തം —38
ഒരു കൂട്ടപണിക്കാരൻെറ ഓർമ്മയ്ക്ക് —41

## സൈറിൻകാരൻെറ പാർശ്വചിത്രങ്ങൾ

പല പാർശ്വചിത്രങ്ങൾ നിരീക്ഷിക്കും മുമ്പ് —45
വിഹ്വലചിത്തൻ —49
അന്ധൻ —51
നടൻ —53
പ്രേമനൈരാശ്യം ബാധിച്ച പെൺകുട്ടി —54

ശിശുക്കൾ —55
കയർ ഫാക്ടറിയിലെ തൊഴിലാളി —57
ആയുധനിർമ്മാണ ശാലയിലെ തൊഴിലാളി —58
മഗ്ദലേന —60
വികാരഭരിതൻ —61
ബുദ്ധിജീവി —62
ദൃഢചിത്തൻ —63
സൈറീൻകാരൻ ശിമയോൻ —64

## സഭ

ചുമര് —69
അഗാധഗർത്തം —70
നീഗ്രോ —72
മാർബിൾത്തറ —73
ഭൂഗർഭാലയം —75
സുനഹദോസ് —76
സുവിശേഷം —77
അരുവികളും കരങ്ങളും —79

## വന്ദകന്മാരുടെപിറവി

രണ്ടു നഗരങ്ങൾ —81
ഒരു പർവ്വത ഗ്രാമത്തിൽ സ്ഥൈര്യലേപന നല്കുന്ന
മെത്രാന്റെ ചിന്തകൾ —82
ഒരു പർവ്വത ഗ്രാമത്തിൽ സ്ഥൈര്യലേപനം സ്വീകരിക്കുന്ന
ഒരുവന്റെ ചിന്തകൾ —86
ദൈവവുമായി ഒരു സംഭാഷണം ആരംഭിക്കുന്നു —90
മനുഷ്യനുമായി ഒരു സംഭാഷണം ആരംഭിക്കുന്നു —91
വസ്തുക്കളുടെ അർത്ഥം —39
ചരിത്രത്തിന്റെ ശരീരമായിത്തീർന്ന മനുഷ്യനെക്കുറിച്ച്
ഒരു സ്തവം

ACHARYA PALACKAL JEEVASSKENDRAM
LIBRARY
11066
ALUVA

# മാതൃഗീതം

## അമ്മയുടെ വിസ്മയം

അനുദിന സംഭവങ്ങളിലൂടെ ക്രമേണ
തുളഞ്ഞു കയറിക്കൊണ്ടിരുന്ന വെളിച്ചം;
ഒരു സ്ത്രീയുടെ മിഴികൾക്കും കരങ്ങൾക്കും
ശൈശവം മുതൽക്കേ
പരിചിതമായിരുന്ന സംഭവങ്ങൾ.
പൊടുന്നനെ
സാധാരണ ദിനങ്ങൾക്ക്
ഉള്ളടക്കാനാവാത്ത വിധം
ആ പ്രകാശം കത്തിജ്ജ്വലിച്ചു.
വാക്കുകൾക്കു വ്യാപ്തി നഷ്ടപ്പെട്ടപ്പോൾ
കരങ്ങൾ മുകുളീകൃതമായി.

മകനേ, മനുഷ്യർ നമ്മെ
ഒന്നിച്ചു കണ്ടു പരിചയിച്ചു
ആ ചെറിയ പട്ടണത്തിൽ
നീ എന്നെ 'അമ്മ'യെന്നു വിളിച്ചുപോന്നു.
പക്ഷേ ഓരോ ദിവസവും നടന്നുകൊണ്ടിരുന്ന
വിസ്മാപകമായ സംഭവങ്ങൾ കാണാൻ
അവർക്കു കണ്ണില്ലായിരുന്നു.
സ്വന്തം കരങ്ങളുടെ അദ്ധ്വാനത്തിലൂടെ
ദരിദ്രരോടിഴുകിച്ചേരാനുള്ള
നിൻെറ ആഗ്രഹം നിമിത്തം
നീ അവരുടെ ജീവിതം തെരഞ്ഞെടുത്തു.

എങ്കിലും, നമ്മുടെ ദിനങ്ങളുടെ ചർമ്മത്തിനുള്ളിൽ
ഒരു അഗ്നിസ്ഫുലിംഗംപോലെ
ആവരണം ചെയ്യപ്പെട്ടിരുന്ന
ആ വെളിച്ചത്തെ
ഞാൻ അറിഞ്ഞിരുന്നു;
സാധാരണ സംഭവങ്ങളിൽ
മിന്നിത്തിളങ്ങി നിന്ന ആ വെളിച്ചത്തെ.
ആ വെളിച്ചം നീയായിരുന്നു,
അതു് എന്നിൽനിന്നല്ല പുറപ്പെട്ടതു്.

പ്രകാശമാനമായ ആ നിശ്ശബ്ദതയിലാണു്
എനിക്കു നിന്നെ
കൂടുതലായി ലഭിച്ചിരുന്നതെന്നു തോന്നി;
എൻെറ ശരീരരക്തങ്ങളുടെ
ഫലമെന്ന നിലയിൽ
നിന്നെ ലഭിച്ചിരുന്നതിലേറെ.

## യോഹന്നാൻെറ പ്രാർത്ഥന

എൻെറ ഹൃദയതരംഗത്തെ
താഴ്ത്തിക്കളയരുതേ
അമ്മേ! അതു് അവിടത്തെ
മിഴികളുടെ നേർക്കു
ത്രസിച്ചു പൊന്തുന്നു.
സ്നേഹത്തെ മാററിക്കളയരുതേ,
പ്രത്യുത അങ്ങയുടെ തെളിമയാർന്ന
കരങ്ങൾകൊണ്ടു്
ആ തിരയെ എന്നിലേയ്ക്കു
തിരിച്ചെത്തിക്കുക.

അവിടുന്നു് ആവശ്യപ്പെട്ടതിതാണു്.

യോഹന്നാൻ എന്ന മീൻ പിടുത്തക്കാരനാണു ഞാൻ.
എന്നിൽ സ്നേഹാർഹമായി
ഏറെയൊന്നുമില്ല.

എനിക്കു തോന്നുന്നു-ഞാൻ ഇപ്പോഴും
ആ തടാക തീരത്താണെന്നു്.
മണൽത്തരികൾ കാൽച്ചുവട്ടിൽ
ഞെരിഞ്ഞമരുന്നു
പൊടുന്നനവേ-അതാ, അവിടുന്നു്!

അവിടുത്തെ നിഗൂഢാത്മകതയെ
എന്നിൽ പ്രതിഫലിച്ചു കാണാൻ
ഇനി അങ്ങേയ്ക്കു കഴിയുകയില്ല.

എങ്കിലും അങ്ങയുടെ ചിന്തകളിൽ
ഒരു സുഗന്ധിലതപോലെ
ഞാൻ പടർന്നു കയറുന്നു.
നാഥൻെറ അഭീഷ്ടപ്രകാരം
അങ്ങയെ 'അമ്മേ' എന്നു വിളിച്ചുകൊണ്ട്
ഞാൻ പ്രാർത്ഥിക്കുന്നതിതാണ്:
ആ പദത്തിൻെറ അർത്ഥത്തിന്
ഒരിക്കലും മങ്ങലേശരുതേ.

നാമിരുവരിലേയ്ക്കും
നാഥൻ നിശ്വസിച്ച വാക്കുകളുടെ അർത്ഥം
അളന്നു കുറിക്കുക
അശക്യമാണെന്നുള്ളതു സത്യം.
അങ്ങനെ ആ വാക്കുകൾ
നേരത്തെ ഉൾക്കൊണ്ടിരുന്ന സ്നേഹം
ഗോപനം ചെയ്യപ്പെട്ടിരിക്കുന്നു.

## പുതുസമയത്തിൻെറ സമാശ്ളേഷത്തിൽ

എൻെറ അഗാധതകൾ
ഗ്രഹിക്കപ്പെട്ടിരിക്കുന്നു,
ഞാൻ തികച്ചും മനസ്സിലാക്കപ്പെട്ടിരിക്കുന്നു.
കാഴ്ചയ്ക്കു വിധേയയായി ഞാൻ എഴുന്നേററ്
ആ ദർശനത്തിൽ ശാന്തമായി
അലിഞ്ഞു ചേരുന്നു.
വളരെക്കാലത്തേയ്ക്ക് ആരും ഇതറിഞ്ഞില്ല,
നിൻെറ നേത്രങ്ങളിലെ ഭാവസ്ഫുരണത്തെക്കുറിച്ച്
ആരോടും ഞാൻ ഉരിയാടിയില്ല.

നിൻെറ നിശ്ചലത്വം എത്ര ശ്രദ്ധാപൂർണ്ണം!
അത് എന്നേയ്ക്കും എൻെറ ഒരംശമായിരിക്കും.

ഞാൻ എന്നെത്തന്നെ
അതിലേയ്ക്ക് ഉന്നമിപ്പിക്കുന്നു
ഒരുനാൾ ഞാൻ അതുമായി
ചിരപരിചയം നേടും.
വരണ്ട നദീതടത്തിൽ
അന്തർദ്ധാനം ചെയ്യുന്ന ജലംപോലെ സുതാര്യമായി
അന്നു ഞാൻ നിശ്ചലം നിലകൊള്ളും—
എൻെറ ശരീരം അപ്പോഴും അവശേഷിക്കുമെങ്കിലും.
നിൻെറ ശിഷ്യന്മാർ എത്തിച്ചേരുമ്പോൾ
എൻെറ ഹൃദയസ്പന്ദങ്ങൾ നിലച്ചിരിക്കുന്നതായി
അവർ ഗ്രഹിക്കും.

എൻെറ ജീവൻ ഇനിമേൽ
എൻെറ രക്തത്തിൽ ഭാരം ചേർത്തു കഴിയുകയില്ല.
എൻെറ വിവശമായ കാലടികൾക്ക കീഴിൽ
വഴിത്താര ഇനി വഴുതിപ്പോവുകയുമില്ല.
എൻെറ മങ്ങിയ മിഴികളിൽ
ഇപ്പോൾ പുതിയൊരു കാലം പ്രകാശിക്കുന്നു.
അതു് എന്നെ ഗ്രസിച്ചുകൊണ്ടു്
എൻെറ ഹൃദയത്തിനുള്ളിൽ വർത്തിക്കും.
അങ്ങനെ അവസാനം എല്ലാം പൂർണ്ണമാവുകയും
ചിന്തയ്ക്കു് ആഹ്ളാദകാരിയായി
നിലകൊള്ളുകയും ചെയ്യും.

ഞാൻ എൻെറ ഗാനത്തിനു്
ആരംഭം കുറിക്കും.
അതിൻെറ അതീവലോലമായ
നാദലയങ്ങൾ പോലും
ഞാൻ അറിയുന്നു.
നിൻെറ ജീവിതസാകല്യത്തിൽ
ഏകാഗ്രമനസ്കയായി
ഞാൻ ഗാനമാലപിക്കും.
അത്രമേൽ ലളിതവും തെളിമയാർന്നതുമായ
മംഗലവാർത്തകൊണ്ടു്
ഗ്രസിക്കപ്പെട്ടതാണു് എൻെറ ഗാനം.
അതു് ഓരോ മനുഷ്യനിലും ആരംഭിക്കുന്നു,
പ്രത്യക്ഷമായി, എന്നാൽ നിഗൂഢമായി.
എന്നിൽ അതു മാംസമായിത്തീർന്നു
കൃപാഭരിതമായ ഗീതത്തിലൂടെ
വെളിപ്പെടുത്തപ്പെടുകയും ചെയ്തു
അതു് അനേകരിൽ എത്തിച്ചേർന്നു്
അവരിൽ സ്വന്തം വ്യാപ്തി
കണ്ടെത്തിയിരിക്കുന്നു.

# ജലത്തിൻെറ ശോഭയെ ക്കുറിച്ചുള്ള ഗീതം

''ഈശോ ഉത്തരമായി അവളോട്
അരുളിച്ചെയ്തു: ഈ വെള്ളം കുടി
ക്കുന്ന ഏവനും വീണ്ടും ദാഹിക്കുന്നു.
എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം
കുടിക്കുന്ന ഒരുത്തനും ഒരിക്കലും
ദാഹിക്കുകയില്ല'' (യോഹ: 4, 13–14)

## ശാകാറിലെ കിണററിനുള്ളിലേയ്ക്കു നോക്കുമ്പോൾ

ജലത്തിലെ രജതപാളികളിലേയ്ക്കു നോക്കൂ,
അവിടെ പ്രതിരൂപം രേഖപ്പെടുത്തുന്ന
നേത്രപടലംപോലെ
ആഴങ്ങൾ വിറകൊള്ളുന്നു.

വിശാലമായ പാളികളുടെ പ്രതിഫലനത്തിലൂടെ
നിങ്ങളുടെ മുഖത്തെ സ്പർശിച്ചുകൊണ്ടു്
ജലം, നിങ്ങളുടെ നയനങ്ങൾക്കു ചുററുമുള്ള
പരിക്ഷീണത കഴുകിക്കളയുന്നു.

എങ്കിലും ഉറവയിൽ നിന്നു
നിങ്ങൾ ഇപ്പോഴും അകലെയാണു്.

പരിക്ഷീണമായ മിഴികൾ
രാത്രിയുടെ ഇരുണ്ട ജലം
വാക്കുകളിലൂടെ
പ്രാർത്ഥനയിലേയ്ക്കു പ്രവഹിക്കുന്നുവെന്നതിൻെറ
അടയാളമാണു്.

(നമ്മുടെ ആത്മാക്കൾ
എത്രമേൽ വററിവരണ്ടിരിക്കുന്നുവെന്നു
ചിന്തിച്ചു നോക്കൂ)

കിണററിൽ നിന്നുള്ള വെളിച്ചം
കണ്ണീർക്കണികകളിലൂടെ സ്പന്ദിക്കുന്നു.
സ്വപ്നങ്ങളുടെ ഒരു കൊടുങ്കാററാണ്
അവയ്ക്ക് ഉയിരേകിയതെന്ന്
വഴിപോക്കർ നിനയ്ക്കുന്നു.
നിങ്ങളുടെ നേത്രങ്ങളിലേയ്ക്കു
കുതിച്ചു പൊന്തുന്ന പാളികളിലൂടെ
കിണർ വെട്ടിത്തിളങ്ങുന്നു.
പ്രതിഫലനം കൊള്ളുന്ന ഹരിതനിറം
വെട്ടിത്തിളങ്ങുന്ന ആഴത്തിൽ
നിങ്ങളുടെ മുഖത്തിനു ചുററും
മിന്നിത്തെളിയുന്നു.

ഉറവയിലേയ്ക്ക് ഇനിയും എത്രയോ അകലം !

ആരംക്കൂട്ടങ്ങരം നിന്നിൽ വിറകൊള്ളുന്നു
ജലത്തിൻെറ ശോഭയിൽ
മിഴികളെന്നപോലെ
നിൻെറ വചനങ്ങളുടെ പ്രകാശത്താൽ
വിസ്തബ്ധമായ ആരംക്കൂട്ടങ്ങരം.

പരിക്ഷീണതയിൽ നീ അവരെ അറിയുന്നു.
പ്രകാശത്തിലും നീ അവരെ അറിയുന്നു.

## കിണററുകരയിൽ നിന്നു വേർപിരിയുമ്പോൾ ശമറായക്കാരിയുടെ വാക്കുകൾ

ഈ നിമിഷം മുതൽ അജ്ഞത
എനിക്കു പിന്നിൽ
ഒരു കവാടം പോലെ അടയുന്നു.
ആ കവാടത്തിലൂടെയാണ്
അങ്ങു കടന്നു വന്നതു്.
എനിക്കു് അജ്ഞാതമായിരുന്നവയെല്ലാം
അങ്ങു തിരിച്ചറിഞ്ഞു.
പിന്നെ, എന്നിലൂടെ അനേകരെ
അങ്ങു നിശ്ശബ്ദം നയിക്കുകയായി–
പല വീഥികളെയും തെരുവുകളിലെ
ആരവാരങ്ങളെയുമെല്ലാം.

## ശമറായക്കാരി

നമ്മെ പരസ്പരം യോജിപ്പിച്ചതു്
ഈ കിണറാണു്.
കിണറു് എന്നെ അങ്ങിലേയ്ക്കു
നയിച്ചു.
കിണറിന്റെ ആഴങ്ങളിലെ
വെളിച്ചമല്ലാതെ
നമുക്കു മദ്ധ്യേ മററാരുമില്ല.
ശിലാമയമായ കൺകുഴികളിൽ
കൃഷ്ണമണിപോലുള്ള ഈ കിണറു്!

കിണറിനാൽ ആകർഷിക്കപ്പെട്ട ഞാൻ
അങ്ങയുടെ നയനങ്ങൾക്കുള്ളിൽ
അടക്കം ചെയ്യപ്പെട്ടിരിക്കുന്നു.

## ശമറായക്കാരിയുടെ ചിന്തകൾ

ഞാൻ — അതേ — ഞാൻ,
ഉണർവ്വു കൈവന്നുവെന്ന അവബോധം
എനിക്കു് അന്നാണുണ്ടായതു്.
അരൂപിയിൽ സ്വന്തം പ്രതിച്ഛായകണ്ടു്
അതിൽത്തന്നെ മുഴുകി നിൽക്കുന്ന ഒരുവൻ
പെട്ടെന്നു് ആ കണ്ണാടിയിൽ
നിന്നുയർത്തപ്പെട്ടു്
ആത്മാവബോധത്തിൽ എത്തിക്കപ്പെടുന്ന
അനുഭവം.
അയാറം വിസ്മയം കൊണ്ടു വീർപ്പുമുട്ടി
വെളിച്ചത്തിൽ ആന്ദോളനം ചെയ്യുന്നു.

ഞാനും ഉയർത്തപ്പെടുകയായി
എങ്ങനെയെന്നെനിക്കറിഞ്ഞുകൂടാ—
എങ്കിലും, അപ്പോഴത്തെ എന്നെക്കുറിച്ചും
മുൻപുണ്ടായിരുന്ന എന്നെക്കുറിച്ചും
—ഇപ്പോറം അവ ഭിന്നങ്ങളാണു്—
എനിക്കു് അവബോധം ലഭിച്ചു.
ഉണർവ്വിൻെറ ഫലമായിരുന്നോ അതു്?
ചുവർ തുറക്കപ്പെട്ടിരിക്കുന്നു.
ഞാൻ പലപ്പോഴും
ഈ ചുവരിലൂടെ കടന്നുപോയിട്ടുണ്ടു്
അതു് എന്നെ എന്നിൽ നിന്നു്
വേർതിരിച്ചുനിർത്തുന്നുവെന്നറിയാതെ.

അതേ, ഞാൻ ഉയർത്തപ്പെട്ടിരിക്കുന്നു.
എല്ലാം മുൻമട്ടിൽത്തന്നെ
പ്രത്യക്ഷപ്പെടുന്നു.
കഴുതകൾ ഭാരം ചുമന്നുകൊണ്ടു്
കുന്നിൻചെരുവിലൂടെ വഴുതിയിറങ്ങുന്നു.
ലോകം ഉയർന്നു പൊന്തി
പിന്നെ അഗാധനീലിമയാർന്ന
വായുവിലൂടെ സംവഹിക്കപ്പെട്ടു്
ഭവനങ്ങൾക്കുള്ളിലേയ്ക്കു
നിപതിക്കുന്നു
(തികഞ്ഞ നൈഷ്ഫല്യത്തോടെ).
കാത്തിരിരുന്ന നക്ഷത്രങ്ങൾക്കിടയിൽ
ദീപങ്ങൾ വീണ്ടും തെളിഞ്ഞു നിൽക്കുന്നു.

അങ്ങു് എൻെറയുള്ളിൽ നിന്നു്
അകററിക്കളഞ്ഞ ആ ഭാരം!
അതു് ഞാൻ സാവധാനം ഗ്രഹിക്കുകയും
പോരാട്ടത്തിൻെറ വേളകളിലൂടെ
പരിക്ഷീണിതകൊണ്ടു് അളന്നു കുറിക്കുകയും ചെയ്യും.
അങ്ങനെ അങ്ങു് നിരായാസം ഉൾക്കൊള്ളുന്ന
നിസ്സീമമായ ആ ശ്രുതിലയത്തിൻെറ
നിസ്സാരമായൊരംശം പ്രകടമാക്കാൻ
ഞാൻ ശ്രമിക്കും.

അങ്ങു് ആയാസപൂർവ്വം
ഒരു കണിക എന്നിൽ നട്ടുവളർത്തി.
പക്ഷേ ഇതു ഞാൻ അറിയുന്നു:
അങ്ങു് എന്നിൽ നിന്നെടുത്തു കളഞ്ഞ

ആന്തരിക ഭാരം
ശൂന്യതയിൽ തങ്ങിനിൽക്കുകയല്ല.
തുലാസുകൾ ഒരിക്കലും
സ്വന്തം ഭാരം കുറിക്കുകയോ
വ്യവച്ഛേദിക്കുകയോ ചെയ്യുകയില്ല.
വ്യവച്ഛേദിക്കാനാവാത്ത ഈ അവസ്ഥ
ഞാൻ തൂക്കിനോക്കുകയും
വീണ്ടും ഭാരരഹിതയാവുകയും ചെയ്യുന്നു.
ഉണക്കവിറകിൽ നിന്ന്
വിമോചനം നേടിയ ഒരു തീജ്വാലയ്ക്ക്
അതിന്റെ പ്രകാശമാനമായ
പ്രയാണത്തിൽ
ഭാരം അനുഭവപ്പെടുന്നില്ല.
എങ്കിലും രാത്രിയുടെ കനത്ത മൂടിയെ
അതു തുറന്നു മാററുന്നു.

## ജലശോഭയെക്കുറിച്ചു് ഒരു ഗീതം

ഈ ആഴത്തിൽ നിന്നു്
ഒരു കുടം വെള്ളം കോരാൻ മാത്രമാണു്
വളരെ നാറം മുമ്പു ഞാൻ വന്നതു്.
എങ്കിലും ഈ പ്രകാശവും
എനിക്കു കൈവന്ന ദർശനവും
ഇപ്പോഴും എൻെറ മിഴികളിൽ
പററിച്ചേർന്നു നിൽക്കുന്നു.
എന്നിൽത്തന്നെയുള്ള എൻെറ സ്വന്തമായ
ഒട്ടേറെ ശൂന്യസ്ഥലവും
കിണററിൽ പ്രതിഫലിച്ചു കണ്ടു.

എങ്കിലും അതു നന്മയ്ക്കുതകി.
നിങ്ങളെ മുഴുവനും എന്നിലേയ്ക്കു സ്വീകരിക്കാൻ
എനിക്കു് ഒരിക്കലും കഴിയുകയില്ല.
ആകയാൽ കിണററിൽ
ഒരു കണ്ണാടിയായി വർത്തിക്കുക.
ഇലകളും പൂക്കളും നിലനിൽക്കുന്നു,
വിസ്മയഭരിതമായ ഓരോ നോട്ടവും
അവയെ താഴെ എൻെറ മിഴികളിലേയ്ക്കു
കൊണ്ടുവരുന്നു
ശോകത്താലെന്നതിലേറെ
പ്രകാശത്താൽ തുളയ്ക്കപ്പെട്ട
എൻെറ മിഴികളിലേയ്ക്കു്.

# ചിന്ത എന്ന അത്ഭുതമേഖല

## ചിന്ത വാക്കുകൾക്കു പ്രതിരോധം

ചിലപ്പോഴൊക്കെ സംഭാഷണത്തിൽ
ഇങ്ങനെ സംഭവിക്കുന്നു;
സത്യത്തെ അഭിമുഖീകരിച്ചു നിൽക്കവേ
വാക്കുകൾ നമുക്കു നഷ്ടപ്പെടുന്നു.
വാക്കുകൾ മാത്രമല്ല,
അംഗവിക്ഷേപങ്ങളും അടയാളങ്ങളും പോലും.
എങ്കിലും, യാക്കോബിനെപ്പോലെ
നാം ഒററയ്ക്കു് അഭിമുഖീകരിക്കേണ്ട
ആ പ്രതിരൂപത്തെ സമഗ്രമായി സംവഹിക്കാൻ
വാക്കുകൾക്കും അംഗവിക്ഷേപങ്ങൾക്കും
അടയാളങ്ങൾക്കും ആവുകയില്ലെന്നു
നാം അനുഭവിച്ചറിയുകയും ചെയ്യുന്നു.

നമ്മുടെ ചിന്ത സംവഹിക്കുന്ന
പ്രതിരൂപങ്ങളുമായി
കേവലമായ മൽപ്പിടുത്തമല്ലിതു്.
മനുഷ്യൻെറ ആന്തരിക ഘടനയിലെ
സമസ്തവസ്തുക്കളുടെയും പ്രതിമാനത്തോടു്
നാം സമരം നടത്തുകയാണു്.
പക്ഷേ പ്രവൃത്തിപഥത്തിലാകുമ്പോൾ,
നാം മനനം ചെയ്യുന്നുവെന്നു നടിക്കുന്ന
ആത്യന്തികസത്യങ്ങളെ
അടിയറവയ്ക്കാൻ
നമ്മുടെ പ്രവൃത്തികൾക്കു കഴിയുമോ?

## വാക്കുകൾ ചിന്തയ്ക്കു പ്രതിരോധം

ദർശനം കൈമോശം വന്ന്
ദുരിതങ്ങളിൽ നിപതിച്ചവൻ
അടയാളങ്ങളുടെ കുററിക്കാടിനെ ചീന്തിമാററി
വാക്കിൻെറ മർമ്മത്തിലേയ്ക്കു കടക്കണം.
അതിൻെറ ഭാരം
ഫലത്തിൻെറ പക്വതയാണ്.

തൻെറ ആട്ടിൻപററത്തിൻെറ കണ്ണുകളായ
ക്ഷീണിത നക്ഷത്രങ്ങൾ
തൻെറയുള്ളിൽ താഴ്ന്നടിയവേ
തന്നെ കീഴ്പോട്ടു വലിക്കുന്നതായി
യാക്കോബിനനുഭവപ്പെട്ട ഭാരം
ഇതായിരിക്കുമോ?

## പ്രമാദം

ചിന്തയുടെ നിശ്ചലകേന്ദ്രത്തെ
പിഴിഞ്ഞെടുക്കുന്നതെങ്ങനെ?
എനിക്കു തെരുവിൻെറ
ഒരു പാർശ്വത്തിലേയ്ക്കൊതുങ്ങി,
കടന്നു പോകുന്ന കുമാരികുമാരന്മാരുടെ
കണ്ണുകളിൽ
കുററം കണ്ടെത്താൻ കഴിയും.
കാറുകളുടെ നിരകൾ
ഏകകേന്ദ്രാഭിമുഖമായി വർത്തിക്കുമ്പോൾ മാത്രമാവാം
അവയുടെ കണ്ണാടി മറകൾ
ഒരു വേള അനന്തതയെ
പ്രതിഫലിപ്പിക്കുക.

ആളുകൾ പറയുന്നു:
നമ്മുടെ ചിന്ത പദാർത്ഥങ്ങളുടെ തെളിമയുമായി
ബന്ധിക്കപ്പെട്ടിരിക്കുന്നു.
സാധാരണ വസ്തുക്കളുടെ ശക്തിയോടു
വിശ്വസ്ത പുലർത്തുന്നു.
പക്ഷേ പദാർത്ഥങ്ങളിൽ ദുർല്ലഭം മാത്രമേ
ഇപ്പോഴും നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നുള്ളു.
എങ്കിൽ, തീർച്ചയാണു്,
നമ്മുടെ ചിന്ത പൂർണ്ണമല്ല.

# കല്ലുമട

## പദാർത്ഥം

ശ്രദ്ധിക്കുക:
ചുററികകളുടെ ഏകതാനമായ ശബ്ദം.
അതു് അവയുടെ സ്വന്തമാണ്
പക്ഷേ, ഞാൻ അതു മനുഷ്യനിൽ
ആരോപിക്കുന്നു.
അങ്ങനെ ഓരോ ചുററികയടിയുടേയും ബലം
ഞാൻ പരിശോധിച്ചറിയുന്നു.
ശ്രദ്ധിക്കുക: ആലക്തിക പ്രവാഹം
ശിലാനദിയെ പിളർന്നു കടന്നു പോകുന്നു.
അതോടെ ഒരു ചിന്ത
അനുദിനം എന്നിൽ വളർന്നു വരുന്നു:
പ്രയത്നത്തിൻെറ മഹത്ത്വം
മനുഷ്യൻെറയുള്ളിലാണ്.

പരുപരുത്തു വിണ്ടുകീറിയ
അവൻെറ കരങ്ങളിൽ
ചുററിക ഭിന്നരീതികളിൽ
ശക്തിയിയററുന്നു.
മനുഷ്യപ്രയത്നം ബലിഷ്ഠമായ പാറയുടെ
രക്ത പ്രവാഹം ഭേദിച്ച്,
ധമനിയെ യഥാസ്ഥാനം
വേർപെടുത്തുന്നു.
അപ്പോഴം അവൻെറ ചിന്ത
വിഭിന്ന രീതികളിൽ
ശിലയിൽ അനാവൃതമാവുകയും ചെയ്യുന്നു.

സ്നേഹം ഈ സുസ്ഥിതമായ കോപത്തെ
ഉപജീവിച്ചു വളരുന്നതെങ്ങനെയെന്നു നോക്കൂ.
അതു് കാററിനാൽ പ്രകമ്പിതമായ
നദിക്കു തുല്യം
മനുഷ്യരുടെ നിശ്വാസത്തിലേയ്ക്കു്
ഒഴുകിച്ചേരുന്നു.
അതു് ഒരിക്കലും ഉരിയാടപ്പെടുന്നില്ല;
എന്നാൽ ഉത്താനസ്വാതന്ത്ര്യികളെയും
അതു തകർത്തു കളയുന്നു.

വഴിപോക്കർ ദ്രുതഗതിയിൽ
വാതായനങ്ങളിലേയ്ക്കു നീങ്ങുമ്പോൾ
ആരോ മന്ത്രിക്കുന്നു:
''എങ്കിലും ഇവിടെ
ഒരു വലിയ ശക്തിയുണ്ടു്.''
ഭയപ്പെടേണ്ടാ,
മനുഷ്യൻെറ അനുദിനചെയ്തികൾക്കു്
വിശാലമായൊരു വ്യാപ്തിയുണ്ടു്.
ഇടുങ്ങിയ നദീതടത്തിനു്
അവയെ ദീർഘനാൾ തടവിലടയ്ക്കുക
സാധ്യമല്ല.
ഭയപ്പെടേണ്ടാ,
അവയെല്ലാം നൂററാണ്ടുകളിലൂടെ
അവനിലാണു് നിലയുറപ്പിച്ചിരിക്കുന്നതു്.
ഇപ്പോൾ, ചുററികകളുടെ
ഏകതാനമായ ശബ്ദത്തിലൂടെ
നിങ്ങളുടെ ദൃഷ്ടി പതിക്കുന്നതും
അവനിൽത്തന്നെ.

## 2

പാറകൾ ദൃഢബദ്ധമാണ്,
വൈദ്യുതിക്കമ്പികൾ
അദൃശ്യമായ ഒരു ചാട്ടവാറിനെ
അവയുടെ ശരീരത്തിനുള്ളിൽ പായിക്കുന്നു.
ഈ ബലപ്രയോഗം പാറകൾ അറിയുന്നു.
തെന്നിനീങ്ങുന്ന ഒരു സ്ഫോടനം
അവയുടെ പരിണിതസാന്ദ്രതയെപ്പിളർന്ന്
തങ്ങളുടെ നിത്യലാളിത്യത്തിൽനിന്ന്
അവയെ പിച്ചിച്ചീന്തുമ്പോൾ
പാറകൾ ഈ ബലപ്രയോഗം അറിയുന്നു.
എങ്കിലും വൈദ്യുതിപ്രവാഹത്തിന്
ശിലകളുടെ സമഗ്രശക്തിയെ
കെട്ടഴിച്ചുവിടാൻ കഴിയുമോ?
ആ ശക്തി സ്വന്തം കരങ്ങളിലേന്തുന്നത്
അയാളാണ്: തൊഴിലാളി.

## 3

കരങ്ങൾ ഹൃദയത്തിന്റെ പ്രകൃതി ദൃശ്യമാണ്.
അനിർവചനീയമായ ഒരു ശക്തി
ഉരുണ്ടിറങ്ങുന്ന
മലയിടുക്കുകളെപ്പോലെ
അവ ചിലപ്പോൾ പിളരാറുണ്ട്.
കരതലത്തിന് മതിവരുവോളം
അധ്വാനം ലഭിച്ചുകഴിയുമ്പോൾ മാത്രം
മനുഷ്യൻ തുറക്കാറുള്ള അതേ കൈകൾ!
ഇപ്പോൾ അവൻ ഗ്രഹിക്കുന്നു:
മററുള്ളവർക്കു സമാധാനത്തോടെ
സഞ്ചരിക്കാൻ കഴിയുന്നത്
അവൻ നിമിത്തമാണ്.

കരങ്ങൾ ഒരു പ്രകൃതിദൃശ്യമാണ്.
അവ പിളരുമ്പോൾ
വ്രണങ്ങളിൽനിന്ന്,
ഒരു അരുവിയാറുപോലെ
വേദന പതഞ്ഞുപൊന്തുന്നു.
പക്ഷേ വേദനയെപ്പററി ചിന്തയില്ല—
വേദനയിൽ മാത്രമായി മഹത്ത്വവുമില്ല.
തൻെറ സ്വന്തം മഹത്ത്വത്തിന്
എന്തു പേരു നൽകണമെന്ന്
അവനറിഞ്ഞു കൂടാ.

## 4

ചുററികയുടെ ഭാരത്തിൻ കീഴ്
തളർന്നു താഴുന്ന കരങ്ങൾ,
ഇറുങ്ങിക്കൂടിയ ഉടൽ,
സ്വകീയ രീതിയിൽ ചലനംകൊള്ളുന്ന
മാംസപേശികൾ—
അല്ല, ഇവയൊന്നുമല്ല
അവൻെറ അദ്ധ്വാനത്തിനു
മാർഗ്ഗനിർദ്ദേശം നൽകുന്നത്
—പ്രത്യുത, അവൻെറ ചിന്തയാണ്.
അഗാധമായ ആ ചിന്ത
അവൻെറ നെററിത്തടത്തിലെ ചുളിവുകളിൽ
കെട്ടുപിണഞ്ഞു കിടക്കുന്നു.
അത് അവൻെറ
വില്ലുപോലെ വളഞ്ഞ ചുമലുകളിലും
ചോര ഞരമ്പുകളിലും
തെളിഞ്ഞു നിൽക്കുന്നു.

അങ്ങനെ നിമിഷനേരത്തേയ്ക്കു്
അവൻ ഒരു ഗോഥിക്ശില്പമായി മാറുന്നു.
–മിഴികളിൽ ഉറവെട്ടാത്ത
ലംബമാനമായ ചിന്തയാൽ
മെനഞ്ഞെടുക്കപ്പെട്ട ശില്പം.
അവൻ വെറുമൊരു പാർശ്വചിത്രമല്ല;
ദൈവത്തിനും ശിലയ്ക്കുമിടയിൽ,
മഹത്ത്വത്തിനും പ്രമാദത്തിനുമായി
വിധിക്കപ്പെട്ട
ഒരു കേവലചിത്രമല്ല.

## പ്രചോദനം

പ്രയത്നം ആരംഭിക്കുന്നതു് ഉള്ളിലാണു്.
പിന്നീടു് അതു കരങ്ങളെയും
ശ്വാസസീമകളെയും ചലിപ്പിച്ചു്
പുറത്തേയ്ക്കു വ്യാപ്തി നേടുന്നു.
നോക്കൂ! നിങ്ങളുടെ മനസ്സാണു്
ശിലയിൽ മന്ദ്രഗംഭീരമായ
മണിനാദമുണർത്തുന്നതു്.
ചിന്ത നിശ്ചിതത്വത്തെ വിളിച്ചുണർത്തുന്നു.
അതു് കരളിന്റെയും കരത്തിന്റെയും
കൊട്ടുമുടിയാണു്.

മനസ്സിന്റെ ഈ നിശ്ചിതത്വത്തിനു്
മിഴിയുടെ ഈ നിശ്ചിതത്വത്തിനു്
ലംബമാനമായ ഈ രേഖയ്ക്കു്
നിങ്ങൾ ഔദാര്യപൂർവ്വം
പ്രതിഫലം നൽകുന്നു.
ശിലയുടെ കരുത്തു്
നിങ്ങൾക്കു കീഴടങ്ങുകയും,
മനുഷ്യൻ പ്രയത്നത്തിലൂടെ
പക്വത നേടുകയും ചെയ്യുന്നു.
വിഷമകരമായ നന്മയിലേയ്ക്കു്
അവനു പ്രചോദനമേകുന്നതു്
പ്രയത്നമാണു്.

ഹൃദയത്തിൻെറയും മനസ്സിൻെറയും വളർച്ച
ജനതതികളെ ആകർഷിക്കുന്ന
മഹത്തായ സംഭവങ്ങൾ
–ഇവയ്ക്കു് ആരംഭം കുറിക്കുന്നതു്
പ്രയത്നത്തിലൂടെയാണു്.
ചുററികകളിലൂടെ
അവയുടെ ഏകതാനമായ ശബ്ദങ്ങളിലൂടെ
പരിണതി നേടുന്ന സ്നേഹത്തിനു
ചെവി കൊടുക്കുക.
ശിശുക്കൾ ഇങ്ങനെ പാടിക്കൊണ്ടു്
അവയെ ഭാവിയിലേയ്ക്കു സംവഹിക്കും:
''ഞങ്ങളുടെ പിതാക്കന്മാരുടെ
ഹൃദയങ്ങളിൽ
പ്രയത്നത്തിനു് അതിരുകളില്ലായിരുന്നു.''

## 2

ഈ പ്രചോദനം കരങ്ങളിൽ
അവസാനിക്കുന്നില്ല.
മനുഷ്യഹൃദയത്തിലൂടെ അതു്
ശിലാമർമ്മത്തിലേയ്ക്കു താണിറങ്ങുന്നു.
ഹൃദയകേന്ദ്രത്തിൽ നിന്നു്
പാറകളുടെ ചരിത്രം
ഭൂമിയുടെ അടരുകളിൽ
വിപുലീകരിക്കപ്പെട്ടുകയും ചെയ്യുന്നു.
സ്നേഹം കോപത്തിലൂടെ അഭ്യസിക്കുന്ന
സമതോലനം
മനുഷ്യനിൽ വളർച്ച നേടുകയും ചെയ്യുന്നു.
ഇവ രണ്ടും മനുഷ്യനിൽ
ഒരിക്കലും കെട്ടടങ്ങുന്നില്ല.

ച്ചമല്ലകളുടെ സംഘർഷത്തിലോ
ഹൃദയത്തിൻെറ നിഗൂഢചേഷ്ടകളിലോ
വിലയം കൊള്ളുന്നുമില്ല.
ചിന്തയെയും ചലനത്തെയും
അഭേദ്യമായൊരു വൃത്തത്തിൽ
സംയോജിപ്പിക്കുന്ന ഒരു ഉത്തോലകത്താൽ
ഉയർത്തപ്പെട്ട്
അവ പരസ്പരം പങ്കുപററി
പരസ്പരം പൂരിപ്പിക്കുന്നു.

അകലത്തുനിന്ന് മനുഷ്യനിൽ കടന്നു പററി
അവിടെ കുടിപാർക്കാൻ
നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ
ഈ രണ്ടു ശക്തികളെയും
ഒരേ ഭാഷയിൽ അലിയിച്ചുചേർക്കണം
–വാക്കുകൾതീതമായ
ഒരു ലളിതഭാഷയിൽ.
(ഉത്തോലകത്തിൻെറ മർദ്ദത്തിൽ
നിങ്ങളുടെ ഭാഷണം തകരരുത്:
കോപത്തിൻെറയും കോപത്തിൻെറയും
പ്രലംബകം.)
അപ്പോൾ മനുഷ്യകേന്ദ്രത്തിൽ നിന്ന്
ആരും നിങ്ങളെ ചീന്തിമാററുകയില്ല.

ST. ANTONY'S MONASTERY
Phone : 3140
ALWAYE-1

## പങ്കാളിത്തം

മരത്തടിയിൽ നിന്നു്
ഈയിടെ മാത്രം ചിന്തിയെടുത്ത
ഈ പരുക്കൻ പലകയുടെ പ്രകാശം
അദ്ധ്വാനത്തിൻെറ അവിഭക്തവൈപുല്യത്തെ
നിങ്ങളുടെ കരതലങ്ങളിലേയ്ക്കു
പകരുന്നു.
ഇറുങ്ങിയ കരം വിശ്രമം കൊള്ളുന്നതു്
ഈ പ്രവൃത്തിയിലാണു്.
അതു് മനുഷ്യനിലെ സമസ്തഘടകങ്ങളിലും
പ്രസരിച്ചുനില്ക്കുകയും ചെയ്യുന്നു.

തളർന്ന മിഴികളും നിശിതമായ
പുരികങ്ങളുമുള്ള മനുഷ്യർ,
കത്തിപോലെ കൂർത്തുമൂർത്ത
വക്കുകളുള്ള കല്ലുകൾ,
ആലക്തിക ശക്തിയുടെ
അദൃശ്യമായ ചാട്ടവാറേററു്
പൊട്ടിപ്പിളരുന്ന ചുവരുകൾ,
ജൂലൈമാസ സൂര്യൻ,
ശിലകളിൽ വെളുത്ത അഗ്നി.

എൻെറ കൈകൾ—
അവ ഇപ്പോൾ റയിൽപ്പാളത്തെ
കുറുകെ മുറിച്ചുകടക്കുന്ന
വെളിച്ചത്തിൻെറ വകയാണോ?
അഥവാ, കുന്താലികളുടെ വകയോ?

മുകറംഭാഗത്തു നിലകൊള്ളുന്ന
വേലികളുടേതോ?
അല്ല, അവ ഹൃദയത്തിൻേറതാണ്.
ഹൃദയം ആണയിടുന്നില്ല.
(ശാപവാക്കുകറംകൊണ്ടു
മലിനമായ അധരങ്ങളിൽ നിന്നു്
അവ ഹൃദയത്തെ അകററി നിർത്തുന്നു.)

ഈ മനുഷ്യർ എത്ര ഉൽക്കൃഷ്ടരാണ്!
നാട്യങ്ങളില്ല, മോടിപ്പകിട്ടുമില്ല.
ഞാൻ നിങ്ങളെ അറിയുന്നു
നിങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു നോക്കുന്നു,
നമ്മറംക്കിടയിൽ നാട്യങ്ങളില്ല.
ചില കൈകറം അദ്ധ്വാനത്തിനുള്ളവ,
ചിലതു കരിശ്രു വഹിക്കാനും.
നിങ്ങളുടെ തലസ്സു മീതേ വേലി,
പാളങ്ങളിൽ ചിതറിക്കിടക്കുന്ന കുന്താലികറം,
ശിലയിലെ ശൂന്യഗർത്തങ്ങളെക്കുറിച്ചു
കരുതൽ വേണം.
വിദ്യുച്ഛക്തി ശിലാശ്രേണികളെ
നിലംപതിപ്പിക്കുന്നു.
അവയെ പൊടിപടലമാക്കി
അരിപ്പയിലൂടെ ഒഴുക്കിക്കളയുന്നു.
ചെറുപ്പക്കാർക്കു് ഒരു വീഥിയാണു നോട്ടം.
എല്ലാ വീഥികളും നേരിട്ട്
എൻെറ ഹൃദയത്തിൽ എത്തിച്ചേരുന്നു.
കല്ലുകറം ക്ഷമിക്കാറുണ്ടോ?

കരങ്ങളുടെ ഈ തുലാസ്സിൽ
ലോകം വിശ്രമം കൊള്ളട്ടെ.

മനുഷ്യന്റെയും ശിലയുടേയും
ഓരോ സ്ഫോടനത്തിലും
അതിനു വ്യതിചലനം വരാതെ
സൂക്ഷിക്കുക.
ആ വേലിക്കപ്പുറം
ഏതാനും അടിമാത്രം അകലത്തിൽ
ഒരുപക്ഷേ, അശ്രദ്ധനായ ഒരു ശിശു
ഓടിക്കടക്കുന്നുണ്ടാവാം.

നിങ്ങൾ ഒററയ്ക്കേന്തുന്ന ഈ ത്രാസ്
വളരെ അകലെയാണ്,
വളരെ അടുത്തുമാണ്.
ചിലപ്പോൾ നാം കുനിയുന്നു
ചിലപ്പോൾ നാം കയറുന്നു
(ശിശു അശ്രദ്ധനാണ്,
പെട്ടെന്ന് ഓടിയടുത്തേയ്ക്കാം)

കരളിനും കല്ലിനും മരണത്തിനുമിടയിൽ
വീണ്ടും നിശ്ശബ്ദത!
തന്നിലേയ്ക്കുതന്നെ കടന്നുചെല്ലുന്നവനാണ്
സ്വന്തം തനിമ കാത്തുകൊള്ളുക.
അങ്ങനെ ചെയ്യാത്തവൻ
എന്തെല്ലാം നാട്യങ്ങൾ കാട്ടിയാലും
ഈ ലോകത്തിന്റെ വ്യാപാരങ്ങളിൽ
പൂർണ്ണമായും പങ്കെടുക്കുന്നില്ല.

## ഒരു കൂട്ടുപണിക്കാരന്റെ ഓർമ്മയ്ക്ക്

അവൻ ഒററയ്ക്കായിരുന്നില്ല.
അവൻ ചുററികയേന്തുകയും
അവന്റെ പാദങ്ങൾ മണ്ണിൽ ഉറച്ചുനിൽക്കുകയും
ചെയ്തിരുന്നിടത്തോളം കാലം
അവന്റെ മാംസപേശികൾ
ആൾക്കൂട്ടത്തിന്റെ ശരീരമായി വളർന്നു.
അവന്റെ ഊർജ്ജത്തിൽ
അവരുടെ നാഡീസ്പന്ദനം.
പിന്നീട് ഒരു പാറക്കഷണം
അവന്റെ ചെന്നിക്കീറിനെ പിളർന്ന്
ഹൃദയത്തിന്റെ അറയിലേയ്ക്ക്
തുളഞ്ഞുകയറി.

2

അവർ അവന്റെ ശരീരം വഹിച്ചുകൊണ്ട്
നിശ്ശബ്ദമായ ഒരു നിരയായി നീങ്ങി.

3

അദ്ധ്വാനം അപ്പോഴും
അവനെ ചുററിപ്പററിനിന്നു,
ഒരു കുററബോധം പോലെ

അവർ ചാരനിറം കലർന്ന
കുപ്പായങ്ങളണിഞ്ഞിരുന്നു.
അവരുടെ പാദരക്ഷകൾ
കണങ്കാൽ വരെ
ചെളിയിൽ പൂണ്ടുനിന്നു.
അതിലൂടെ അവർ
അന്ത്യത്തിനു സൂചന നൽകി.

4

എത്ര വിക്ഷോഭകരമായാണ്
അയാളുടെ സമയം നിലച്ചത്!
ആലക്തിക ഡയലിൻെറ സൂചികൾ
വിറ പൂണ്ടു നിൽക്കുകയും,
പിന്നെ പൂജ്യത്തിലേയ്ക്കു
താണു പോകയും ചെയ്തു.
വെള്ളക്കല്ലുകൾ ഇപ്പോൾ
അവൻെറ ഉള്ളിൽത്തന്നേയാണ്;
അവൻെറ സത്തയെ കവർന്നെടുത്തുകൊണ്ട്.
അവനെ കല്ലാക്കി മാററത്തക്ക വിധം
അവൻേറതായ അംശങ്ങൾ
അവ അപഹരിച്ചിരിക്കുന്നു.

5

ആരാണ് ആ കല്ല് ഉയർത്തി മാററുക?
തകർന്നടിഞ്ഞ ചെന്നികളിൽ നിന്നു്
അവൻെറ ചിന്തകളെ
ആരാണ് ഇനി വിടുതൽ ചെയ്യുക?
ചുവരിൽ കുമ്മായം വിണ്ടുകീറുമ്പോലെ
ആ ചെന്നി തകർന്നിരിക്കുന്നു.

അവർ അവനെ കുഴിയിൽ വച്ചു.
അവൻെറ പുറം ചരൽ വിരിപ്പിൽ.
അവൻെറ ഭാര്യ വന്നു.
അവരം ദു:ഖം കൊണ്ടു തളർന്നടിഞ്ഞിരുന്നു.
അവൻെറ മകൻ
സ്കൂളിൽ നിന്നു തിരിച്ചെത്തി.

6

ഇപ്പോഠം അവൻെറ കോപം
മററുള്ളവരിലേയ്ക്ക്
ഒഴുകിച്ചേരണമോ?
അത് അതിൻേറതായ സത്യത്തിലൂടെ,
സ്നേഹത്തിലൂടെ.
അവനിൽ പക്വത നേടുകയായിരുന്നു.
സവിശേഷവും തീർത്തും സ്വകീയവുമായ
സ്വന്തം സത്തയിൽനിന്നകററപ്പെട്ട്
അവൻ
പിന്നാലെ വരുന്നവരാൽ
ഉപയോഗിക്കപ്പെടണമോ?

7

ശിലകഠം വീണ്ടും ഇളകിത്തുടങ്ങുന്നു.
ഭാരവണ്ടി പൂക്കളെ മുറിവേൽപ്പിച്ചു കൊണ്ടു
മുന്നോട്ടു നീങ്ങുന്നു.
ആലക്തിക പ്രവാഹം വീണ്ടും
ചുമരുകളിലേയ്ക്കു തുളച്ചുകയറുന്നു.
പക്ഷേ ആ മനുഷ്യൻ
ലോകത്തിൻെറ ആന്തരഘടനയെ
തന്നോടൊപ്പം കൊണ്ടുപോയിരിക്കുന്നു.
അവിടെ:
കോപം വർദ്ധിച്ചിരിക്കുന്നിടത്ത്
സ്നേഹത്തിൻെറ സ്ഫോടനം
തീവ്രകരമായിരിക്കും.

# സൈറീൻകാരൻെറ
# പാർശ്വചിത്രങ്ങൾ

അലക്സാണ്ടറിൻെറയും റൂഫസിൻെറയും പിതാവായ സൈറീൻകാരൻ ശിമയോൻ നാട്ടിൻപുറത്തുനിന്നു വന്ന്, അതിലേ കടന്നു പോവുകയായിരുന്നു. യേശുവിൻെറ കുരിശു ചുമക്കാൻ അവർ അവനെ നിർബന്ധിച്ചു. (മർക്കോ: 15; 21)

## പല പാർശ്വചിത്രങ്ങൾ നിരീക്ഷിക്കും മുമ്പ്

വൃക്ഷങ്ങൾക്കിടയിലെ ഒരു പാർശ്വ ചിത്രം,
സ്തംഭങ്ങൾക്കിടയിൽ
അതു ഭിന്നമായിരിക്കും.
തെരുവിൻെറ നനഞ്ഞ ഉപരിതലത്തിൽ
അലിഞ്ഞു ചേർന്നു നിൽക്കുമ്പോൾ
അതു വീണ്ടും വിഭിന്നം.
സ്വന്തം വീട്ടുവാതിൽക്കൽ നിൽക്കുന്ന
ഒരുവൻെറ പാർശ്വചിത്രം
വ്യത്യസ്തമായിരിക്കും.
ജേതാവിൻേറതു മറെറാന്ന്,
യവനന്മാരുടെ ഒരു അർദ്ധദേവൻേറതും.

സങ്കല്പ പരിധിയിലെ
ഏതു കോണിലൂടെ നോക്കുമ്പോഴും
എനിക്ക് ഏററ സുപരിചിതം
സൈറീൻകാരൻെറ പാർശ്വചിത്രമാണ്.
ആ ചിത്രം എപ്പോഴും തെളിയുന്നതു്
മറെറാരു മനുഷ്യനോടു ചേർന്നാണ്.
അതു് അവൻെറ ചുമലുകളിൽ നിന്നു്
വീണ്ടെടുക്കുന്നു.
അതു വീണ്ടെടുക്കുന്നതു്
മറേറ മനുഷ്യൻ ഏററവും കൂട്ടതലായി
അയാളായിരിക്കുന്നിടത്താണ്
–തീർത്തും തുണയററവനായിരിക്കുന്നിടത്താണ്–

(അവനിലുള്ളതും
അവൻേറതായിരിക്കുന്നതുമെന്തോ
അതു് ഒരു ലംബരേഖയായിത്തീരാതെ
വഴങ്ങിക്കൊടുക്കുന്നിടത്താണു്
അവൻ തീരെ തുണയററവനാവുക.)

ജീവിതം അവിരാമമായി
എന്നോടുദീരണം ചെയ്യുന്നതു്
അത്തരമൊരു പാർശ്വചിത്രത്തെക്കുറിച്ചാണു്.
ആ മറേറ മനുഷ്യനെക്കുറിച്ചാണു്
(അങ്ങനെ പാർശ്വചിത്രം
പരിച്ഛേദമായിത്തീരുന്നു).

2

പാദങ്ങൾ പുൽക്കൊടികളെത്തേടുന്നു.
പാദങ്ങൾ ഭൂമിക്കായി പരതുന്നു
പ്രാണികൾ സൂര്യൻേറ പൂഞ്ചോലയിൽ
ആന്ദോളനം ചെയ്തു്
പച്ചിലപ്പടർപ്പുകൾ തുരന്നു തിന്നുന്നു.
പാദങ്ങൾ ചരൽക്കല്ലുകൾക്കു
തേയ്മാനം വരുത്തുന്നു.
ചരലുകൾ നിറഞ്ഞ തെരുവു്
പാദങ്ങൾക്കും.
അവിടെ കരുണയില്ല.
ജനക്കൂട്ടത്തിൻേറ വിമൂകമായ
ചിന്തകൾ.

കഴിയുമെങ്കിൽ ചിന്തയെ
തൊട്ടുണർത്താൻ നോക്കൂ.
അതിൻേറ വേരുകൾ
കൈത്തൊഴിൽക്കാരൻേറ കരങ്ങളിലും

പ്രതിദിനം എട്ടുമണിക്കൂർ ടൈപ്പുചെയ്യുന്ന
സ്ത്രീയുടെ വിരലുകളിലും
ഉറപ്പിക്കാൻ നോക്കൂ.
അവളുടെ കലങ്ങിയ കൺപോളകളിൽ
കറുത്ത അക്ഷരങ്ങൾ
തൂങ്ങി നിൽക്കുന്നു—

ചിന്തയെ തൊട്ടുണർത്തൂ.
അങ്ങനെ മനുഷ്യനെ മുഴമിപ്പിക്കൂ.
അഥവാ, തനിക്കു തന്നെ
പുതിയൊരു തുടക്കം കുറിക്കാൻ
അവനെ അനുവദിക്കൂ.
അഥവാ, ഒരു വേള
അവൻ നിങ്ങളെ സഹായിക്കട്ടെ.
നിങ്ങൾ അവനെ നയിക്കുകയും ചെയ്യട്ടെ,

3

ഓ, മഗ്ദലേനാ,
ഓ, സൈറീൻകാരനായ ശിമയോൻ,
അതങ്ങനെയല്ലാതാവാൻ
കാരണമെന്ത്?
ആദ്യത്തെ ആ ചുവടുവയ്പ്
നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ?
നിങ്ങൾ ഇപ്പോഴും അനുസ്യൂതം
ആവർത്തിച്ചുകൊണ്ടിരിക്കുന്ന
ആദ്യത്തെ ആ ചുവടുവയ്പ്.

## 4

ഹരിതാഭമായ ഒരു തുണിത്തൊട്ടിൽ പോലെ
തൃണരാജികൾ തിരയടിച്ചിളകുന്നു-
തേനീച്ചകൾക്കുള്ള തൊട്ടിൽ.
ലംബമാനമായ രശ്മിയാൽ
പിളർക്കപ്പെട്ട്
ശിലാഫലകങ്ങൾ ഉയർന്നുനിൽക്കുന്നു.
തിരയോടൊപ്പം നടക്കുകയാണു നന്ന്.
തിര കാലുകളെ നോവിക്കയില്ല.
തിരയുടെ ആശ്ലേഷത്തിലമരുമ്പോൾ
മുങ്ങിമരിക്കുകയാണെന്ന്
നിങ്ങൾ ഒരിക്കലും അറിയുന്നില്ല.

## 5

അപ്പോൾ അവിടുന്ന് എത്തുന്നു.
തൻെറ നുകം നിങ്ങളുടെ ചുമലിൽ
വയ്ക്കുന്നു.
അതിൻെറ ഭാരം നിങ്ങൾ അറിയുന്നു,
നിങ്ങൾ വിറകൊള്ളുന്നു,
നിങ്ങൾ ഉണർന്നെണീററിരിക്കുന്നു.

# വിഹ്വലചിത്തൻ

പ്രതീക്ഷകളററ്, നിശ്ശൂന്യങ്ങളായ
നിമിഷങ്ങളുണ്ട്.
ചിന്തയുടെ വെളിച്ചം ഇനി എന്നെങ്കിലും
മനസ്സിലുദിക്കുമോ?
പ്രകാശസ്ഫുലിംഗങ്ങൾ
ഹൃദയത്തിനുള്ളിൽ
മിന്നിത്തെളിയുമോ?

എന്നെ അവഗണിച്ചു തള്ളരുത്
എൻെറ കോപത്തിൽ നിന്നു്
വഴുതി മാററരുത്.
ഇതു് ഒരിക്കലും കോപമല്ല,
നിശ്ശൂന്യമായ ഒരു തീരം മാത്രം.

ലഘുവായൊരു ഭാരം പോലും
എനിക്കു താങ്ങാവുന്നതിനപ്പുറമാണ്.
ഞാൻ നടന്നുകൊണ്ടേയിരിക്കുന്നു,
എങ്കിലും മുമ്പോട്ടു നീങ്ങുന്നതായിത്തോന്നുന്നില്ല.

ഓർമ്മിക്കുക:
നിങ്ങൾ ഒരിക്കലും നിശ്ചലം നിൽക്കുന്നില്ല.
നിങ്ങളുടെ ശക്തി നിശ്ശബ്ദതയിൽ
പുനരുജ്ജീവനം കൊള്ളുന്നു
അതു് അതിന്റെ വഴി കണ്ടെത്തും,
നിങ്ങളുടെ ശക്തി സ്ഫോടനം ചെയ്യും.
പിന്നെ, ബലപ്രയോഗം കൂടാതെ,
നിങ്ങൾ നിമിഷത്തിനുള്ളിൽ
പൂർണ്ണമായും നിങ്ങളായിത്തീരാതെ,
നിങ്ങളുടെ നിമിഷങ്ങൾക്കു്
കരളിൽ കളമൊരുക്കണം.
മനസ്സിന്റെ സമ്മർദ്ദത്തിനു്
ഇടം കണ്ടെത്തണം.

പൊള്ളയായ നിശ്ചലത്വത്തിൽ
വളർച്ചയുണ്ടു്,
നിങ്ങളുടെ ജ്വരബാധിതമായ
മിഴികൾ
അതിനെ ഭസ്മീകരിച്ചു കളയരുതു്.

## അന്ധൻ

ഒരു വെളുത്ത വടികൊണ്ട്
തറയിൽ മുട്ടിമുട്ടി,
ആവശ്യമായത്ര ദൂരം
ഞങ്ങൾ കണ്ടെത്തുന്നു.
ഓരോ കാൽവയ്പിനും
കനത്ത വില നൽകണം.
ഞങ്ങളുടെ ശൂന്യമായ കൃഷ്ണമണികളിൽ,
അതിനു തന്നെ തിരിച്ചറിയാനാവാതെ,
ലോകം മരണം പ്രാപിക്കുന്നു:

നിറങ്ങളില്ല,
ശബ്ദങ്ങളുടേതായ ഒരു ലോകം.
(രേഖകൾ മാത്രം, മർമ്മരരവമുണർത്തുന്ന
ബാഹ്യരേഖകൾ മാത്രം)
പൂർണ്ണമനുഷ്യരാവുകയെന്നത്
ഞങ്ങൾക്ക് എത്രയോ ദുഷ്ക്കരം!
ഒരംശം എപ്പോഴും പുറത്തള്ളപ്പെടുന്നു,
ആ അംശമാണു ഞങ്ങൾക്ക്
സ്വയം തെരഞ്ഞെടുക്കാനുള്ളത്.

ഒരു വെളുത്ത വടിയുടെ സഹായം കൂടാതെ
ദൂരത്തെ കീഴ്പ്പെടുത്താൻ കഴിയുന്ന
ഒരു മനുഷ്യൻെറ ഭാരം
എത്ര സന്തോഷത്തോടെ
ഞങ്ങൾ ഏറ്റെടുത്തേനെ.
ഞങ്ങളുടെ സ്വന്തമായവയൊഴിച്ച്
വേറെയും തെററുകളുണ്ടെന്ന്
നിങ്ങൾ ഞങ്ങളെ എങ്ങനെ പഠിപ്പിക്കും?
അന്ധത യിൽ സൗഭാഗ്യമുണ്ടെന്ന്
നിങ്ങൾ ഞങ്ങളെ ബോധ്യപ്പെടുത്തുമോ?

## നടൻ

എനിക്കു ചുററും പലരും വളർന്നു വന്നു,
എന്നിലൂടെ, എന്നിൽ നിന്നു്
എന്ന മട്ടിൽത്തന്നെ.
മനുഷ്യൻ എന്നു പേരുള്ള ശക്തിയെ
കയറൂരി വിടുന്ന
ഒരു ചാലായിത്തീർന്നു ഞാൻ.
എന്നിൽ താവളമടിച്ചിരിക്കുന്ന മററുള്ളവർ
ഞാൻ എന്ന മനുഷ്യനിൽ
രൂപ വൈകൃതം വരുത്തിയില്ലേ?
എപ്പോഴും അപൂർണ്ണമാം വിധത്തിൽ
അവരിൽ ഓരോരുത്തരുമായിത്തീർന്നു്,
ഞാൻ എന്നോടു തന്നെ
കൂടുതൽ അടുക്കുമ്പോഴും.
എന്നിൽ അതിജീവിക്കുന്ന ഒരുവനുണ്ടു്.
അവനു് അവനിലേയ്ക്കുതന്നെ
ഭയമെന്യേ നോക്കാൻ കഴിയുമോ?

## പ്രേമ നൈരാശ്യം ബാധിച്ച പെൺകുട്ടി

നാം 'മെർക്കുറി'യുപയോഗിച്ച് വേദന അളക്കുന്നു;
വസ്തുക്കളുടെയും വായുവിന്റേയും
ചൂടളക്കുന്നതുപോലെ.
പക്ഷേ നമ്മുടെ പരിമിതികൾ കണ്ടെത്താൻ
ഇതല്ല മാർഗ്ഗം.
വസ്തുക്കളുടെ കേന്ദ്രം നിങ്ങളാണെന്ന്
നിങ്ങൾ കരുതുന്നു,
പക്ഷേ അതു നിങ്ങളല്ലെന്നു ഗ്രഹിക്കാൻ
നിങ്ങൾക്കു കഴിഞ്ഞിരുന്നെങ്കിൽ!
കേന്ദ്രം അവിടുന്നാണ്
അവിടുത്തേയ്ക്കും സ്നേഹം ലഭിക്കുന്നില്ല.
അതു നിങ്ങൾ ഗ്രഹിക്കാത്തതെന്ത്?
മനുഷ്യഹൃദയം എന്തിനു വേണ്ടിയാണ്?
അന്തരീക്ഷ ശീതോഷ്ണ സ്ഥിതിക്കു വേണ്ടിയോ?
ഹൃദയത്തിനു വേണ്ടിയോ?
അതോ, 'മെർക്കുറി'ക്കു വേണ്ടിയോ?

## ശിശുക്കൾ

സ്നേഹത്തിലൂടെ നിനച്ചിരിയാതെ
വളർന്നുകൊണ്ട്
പൊടുന്നനെ അവർ
വളർച്ച പ്രാപിച്ചിരിക്കുന്നു.
പരസ്പരം കരം ഗ്രഹിച്ച്
ആൾക്കൂട്ടത്തിനിടയിൽ
അവർ അലഞ്ഞു നടക്കുന്നു.
(അവരുടെ ഹൃദയങ്ങൾ
പിടിയിൽപ്പെട്ട പക്ഷികൾക്കു തുല്യം;
സായം സന്ധ്യയിൽ നിറം മങ്ങിയ
പാർശ്വ ചിത്രങ്ങൾ)
അവരുടെ ഹൃദയങ്ങളിൽ
മനുഷ്യ വംശത്തിന്റെ സ്പന്ദനം ത്രസിക്കുന്നു.

നദീതീരത്തു പരസ്പരം കൈകോർത്തു നിൽക്കെ
–നിലാവെളിച്ചത്തിൽ ഒരു മരക്കുററി,
ഭൂമി ഒരു അടക്കം പറച്ചിൽ–
ശിശുക്കളുടെ ഹൃദയം
ജലത്തിനുമീതെ ഉയരുന്ന
എഴുന്നേററു പോകുമ്പോഴേയ്ക്കും
അവർക്കു വ്യതിയാനം സംഭവിച്ചിരിക്കുമോ?

മററൊരുതരത്തിൽ ചിന്തിച്ചാൽ:
ഒരു ചെടിക്കു മീതെ മേലാപ്പു ചാർത്തുന്ന
വെളിച്ചത്തിൻെറ ചഷകം
അജ്ഞാതമായ അന്തർമുഖതയെയാണു്
അനാവരണം ചെയ്യുന്നതു്.
നിങ്ങളിൽ തുടക്കം കുറിക്കപ്പെട്ടതിനെ
നിങ്ങൾ മലീമസമാക്കുമോ?
നിങ്ങൾ ശരിയെ തെററിൽ നിന്നു്
എല്ലായ്പ്പോഴും വേർതിരിക്കുമോ?

## കയർഫാക്ടറിയിലെ തൊഴിലാളി

എൻെറ വിരൽത്തുമ്പിൽ നിന്നു്
മോടിയേറിയ പുതിയ മോഡലുകരം.
അകലത്തെ തെരുവുകളിൽ
അവ ഇപ്പോരം ഇരമ്പിപ്പായുന്നു.
തിളക്കമാർന്ന മോട്ടോർ വീഥികളിൽ
അവ എൻെറ നിയന്ത്രണത്തിലല്ല
അവയുടെ നിയന്ത്രണം
പോലീസുകാരൻെറ പക്കലാണു്.
അവർ എൻെറ ശബ്ദം അപഹരിച്ചിരിക്കുന്നു.
ഇപ്പോരം ശബ്ദിക്കുന്നതു കാറുകളാണു്.

എൻെറ ആത്മാവു തുറന്നതാണു്.
ഇത്രയും അറിയാൻ എനിക്കാഗ്രഹമുണ്ടു്:
ഞാൻ യുദ്ധം ചെയ്യുന്നതാരോടു്?
ആർക്കുവേണ്ടി ഞാൻ ജീവിക്കുന്നു?
വാക്കുകളെക്കാരം ശക്തിയുള്ള ചിന്തകരം;
പക്ഷേ ഉത്തരങ്ങളില്ല.
അത്തരം ചോദ്യങ്ങരം ഉച്ചത്തിൽ
ചോദിച്ചുകൂടാ.
എല്ലാ ദിവസവും രാവിലെ
ആറുമണിക്കു തിരിച്ചെത്തുക തന്നെ.
ലോകമാകുന്ന ത്രാസ്സിൻെറ
തട്ടുങ്ങളുടെ സമനിലയെ
മനുഷ്യനു മാററിമറിക്കാൻ കഴിയുമെന്നു്
നിങ്ങരം ചിന്തിക്കാൻ കാരണമെന്തു്?

## ആയുധ നിർമ്മാണശാലയിലെ തൊഴ്‌ലാളി

ഭൂഗോളത്തിൻെറ വിധിയെ
സ്വാധീനിക്കാൻ എനിക്കു കഴിവില്ല.
യുദ്ധങ്ങൾ ആരംഭിക്കുന്നതു്
ഞാനാണോ?
ഞാൻ യുദ്ധങ്ങൾക്കു് അനുകൂലമോ
പ്രതികൂലമോ എന്നു്
എനിക്കു് എങ്ങനെ അറിയാനാകും?
ഇല്ല, പാപം എൻേറതല്ല.
സ്വാധീനതയില്ലാത്തതിൽ എനിക്കു വ്യസനമുണ്ടു്.
എങ്കിലും പാപം ചെയ്യുന്നതു ഞാനല്ല.
ഞാൻ ആണികൾ തിരിക്കുകമാത്രം ചെയ്യുന്നു
നശീകരണത്തിൻെറ ഘടകങ്ങളെ
ഉരുക്കിച്ചേർക്കുന്നു.
അവയുടെ സാകല്യസ്വഭാവമോ
അവ മനുഷ്യനു വരുത്തുന്ന ദുരിതമോ
ഒരിക്കലും ഞാൻ അറിയുന്നില്ല.

പവിത്രീകൃതമായ അദ്ധ്വാനത്തിനു്
സംഭാവനകളർപ്പിച്ചുകൊണ്ടു്
എനിക്കു മറെറാരു വിധം പ്രവർത്തിക്കാം.
(അപ്പോഠം ആയുധങ്ങഠം ഉപേക്ഷിക്കപ്പെടുമോ?)
അതു് പ്രവർത്തനത്തിലൂടെ
ആരും തുടച്ചു മാററുകയില്ല.
വാക്കുകളിലൂടെ ആരും അതിനെ
അപവദിക്കുകയുമില്ല.
ഞാൻ സൃഷ്ടിക്കുന്നതു മുഴുവൻ
അധാർമ്മിക വസ്തുക്കളാണു്.
എങ്കിലും ലോകത്തിലെ തിന്മ
എൻെറ സൃഷ്ടിയല്ല.

പക്ഷേ, അതുകൊണ്ടു മാത്രം മതിയാകുമോ?

## മഗ്ദലേനാ

ആത്മാവിനു രൂപാന്തരം ഭവിച്ചിരിക്കുന്നു.
ശരീരം പഴയനിലയിൽത്തന്നെ
വർത്തിക്കുന്നു.
വേദന എന്നെ കീഴ്പ്പെടുത്തുന്നു.
ഞാൻ ശരീരത്തിൽ
വളരുന്നിടത്തോളം കാലം
അതു നിലനിൽക്കുകയും ചെയ്യും.
ഇപ്പോൾ ശരീരത്തിന്
ആത്മാവിൽ നിന്നു ഭക്ഷണം നൽകാൻ
എനിക്കു കഴിയും.

മുൻപു വിശപ്പു മാത്രമേ
ഉണ്ടായിരുന്നുള്ളു.

സ്നേഹം ചിലപ്പോഴൊക്കെ വേദനിക്കാറുണ്ട്;
ആഴ്ചകളോളം, മാസങ്ങളോളം,
വത്സരങ്ങളോളം.
ഉണക്കവൃക്ഷത്തിന്റെ വേരുകൾ പോലെ
എന്റെ തൊണ്ടയും നാവും വരണ്ടിരിക്കുന്നു;
എന്റെ അധരങ്ങൾ ചായം തേയ്ക്കപ്പെട്ടവയല്ല.

സത്യം പ്രമാദത്തെ പുറന്തള്ളുന്നു.

പക്ഷേ, സമസ്തലോകത്തിന്റെയും
വരൾച്ച അറിയുന്നവൻ
അവിടുന്നാണ്, ഞാനല്ല.

## വികാരഭരിതൻ

സ്നേഹപ്രവാഹത്തിൽ മുഴകിപ്പോകുമ്പോഠം
നിങ്ങഠംക്ക യഥാർത്ഥത്തിൽ
വേദനിക്കുകയില്ല.
ആവേശത്തിമിർപ്പിന്റെ ഒരു തുരുത്താണതു്;
ആഴം കുറഞ്ഞ, ആഹ്ളാദകരമായ
ഒരു തുരുത്തു്.
പക്ഷേ, അതു വരണ്ടുണങ്ങുന്ന പക്ഷം
ആ ശൂന്യതയെപ്പററി
നിങ്ങഠം ചിന്തിക്കാറുണ്ടോ?
ഹൃദയത്തിനും ഹൃദയത്തിനുമിടയ്ക്കു്
എപ്പോഴും ഒരു വിടവുണ്ടു്
നിങ്ങഠം അതിലേയ്ക്കു
സാവധാനം പ്രവേശിക്കണം—
–കണ്ണു് നിറഞ്ഞ ഉഠംക്കൊള്ളുന്നതുവരെ,
കാതു താളലയവുമായി
പൊരുത്തപ്പെടുന്നതുവരെ.

സ്നേഹിച്ചുകൊണ്ടു് ഉള്ളിലേയ്ക്കു നീങ്ങുക.
നിങ്ങളുടെ മനസ്സിനെ കണ്ടെത്തുക.
ഹൃദയത്തിന്റെ വഴതിമാററലുകളെയും
മനസ്സിന്റെ കർക്കശ നിയന്ത്രണത്തെയും
വെടിഞ്ഞു കളയുക.

# ബുദ്ധിജീവി

ജീവിതത്തിന്റെ വശ്യത, വൈവിധ്യം
സാഹസികത, വ്യാപ്തി,
നൈസർഗ്ഗികത്വം
–എല്ലാം നിങ്ങളിൽ നിന്നു്
അപഹരിക്കപ്പെട്ടിരിക്കുന്നു.
നിങ്ങളുടെ അറിവുകൾ, സൂത്രവാക്യങ്ങൾ,
വിധിത്തീർപ്പുകൾ
–എല്ലാം എത്ര സങ്കുചിതം!
വെട്ടിച്ചുരുക്കലിലാണു
നിങ്ങൾക്കു താത്പര്യം.
പക്ഷേ ഉള്ളടക്കത്തിനായി
വിശന്നു പൊരിയുന്നു.
എന്റെ പ്രതിരോധങ്ങൾ തകർത്തു കളയരുതു്;

മാനുഷിക ഭാവത്തെ അംഗീകരിക്കുക.
എല്ലാ വീഥികളും ചിന്തയിലേയ്ക്കു്
ഉന്നം വയ്ക്കുന്നതാവണം.

## ദൃഢചിത്തൻ

മനസ്സിലെ, നിറപ്പകിട്ടില്ലാത്ത
ഒരു നിമിഷം
–പിസ്ററൺ ദണ്ഡുപോലെ ഘനമുററതു്,
ചാട്ടപോലെ നിശിതമായതു്,
മററാരിലും കൈയേററം നടത്താത്ത ഒരു നിമിഷം,
എന്നിൽ മാത്രം കൈയേററം നടത്തുന്നതു്.
–അതു് വികാരത്തിൽ നിന്നു്,
ഒരു പക്വം പോലെ
പരിണതമാകുന്നതല്ല.
ചിന്തയിൽ നിന്നു പുറപ്പെടുന്നതുമല്ല.
ആ നിമിഷം എത്തിച്ചേരുമ്പോഠം
അതിനെ ഞാൻ ഉന്നമിപ്പിക്കണം.
അങ്ങനെ ഞാൻ ചെയ്യാറുമുണ്ടു്
–പൊതുവേ നോക്കുമ്പോഠം.

അവിടെ ഹൃദയത്തിനും ചിന്തയ്ക്കും സ്ഥാനമില്ല.
നിമിഷം എന്നിൽ സ്ഫോടനം കൊള്ളുന്നു.
അതു് എനിക്കൊരു കുരിശാണു്,

## സൈറീൻകാരൻ ശിമയോൻ

ആ മനുഷ്യനുമായി
കണ്ണിൽക്കണ്ണിൽ നോക്കിനിന്നു.
തെരുവ്.
നിരവധി മുഖങ്ങൾ.
ഉലയിലെന്നപോലെ
എൻെറ നെററിച്ചുളിവുകളിൽ
സന്ത്രാസം.
എനിക്കു പററിയ സാഹസിക സന്ദർഭമല്ല,
ആരെയും ധിക്കരിക്കണമെന്നുമില്ല.
ഞാൻ എൻെറ പാട്ടിനു പോകട്ടെ.
യാചകനോ കുററവാളിയോ
എൻെറയുള്ളിൽ അതിക്രമിച്ചു കടക്കില്ല.
—ദൈവം പോലും.

എനിക്കു നീതിബോധമുണ്ട്
തന്മൂലം ആ മനുഷ്യനെ പീഡിപ്പിക്കുന്ന നിങ്ങളോട്
ഞാൻ അയാൾക്കുവേണ്ടി.
വില പേശുന്നു.
(പക്ഷേ നഗരത്തിൽ തിരിച്ചെത്താനാണ്
എനിക്കു തിടുക്കം)
ഞാൻ നീതിക്കായി വിലപേശുന്നു.
അത് എൻെറ ജോലിയല്ലെന്നുള്ളതു ശരി,
എങ്കിലും അവനോടുള്ള
കാരുണ്യം കൊണ്ടു മാത്രം.

എന്നാൽ എനിക്കു നെറിവു കാട്ടണമെന്നുണ്ട്.
തന്മൂലം പീഡകരായ നിങ്ങളോട്
ഞാൻ വിലപേശുന്നു.
പാടില്ല, അതിർകടന്നുകൂടാ.
എൻെറ ചിന്തകളെയോ ഹൃദയത്തേയോ
സ്പർശിക്കാൻ നോക്കേണ്ടാ.
അവിടെ ഒരു ചലനവും സൃഷ്ടിക്കാൻ
നിങ്ങൾക്കാവില്ല.
എങ്കിലും ഈ ക്രൂരത–ഈ അക്രമം-
അയാൾ അതു സമ്മതിച്ചു കൊടുക്കുകയും!
വെറും ഇരപ്പാളി!

കൊള്ളാം, ഇന്നുവരെ
ഞാനൊരു മാന്യനായിരുന്നു.
–ഇനിയുമോ?
ജനങ്ങൾ തടിച്ചുകൂടും.
സ്ത്രീകളും കുഞ്ഞുങ്ങളും.
എല്ലാം ഒരേജനം തന്നെ
അപ്പോൾ അവനോടൊപ്പം–ഞാനും!
ഭാരത്തിന്നടിപ്പെട്ടു
ഇരുവരും തറയിൽ വീഴുമ്പോൾ
തമ്മിൽ തിരിച്ചറിയാൻ
ആർക്കു കഴിയും?
എനിക്കു് ഇതു സഹിച്ചുകൂടാ–
നീതി ഇരുമ്പുലക്കയല്ല,

അതു തല്ലിപ്പൊളിക്കുക
അതു തവിടുപൊടിയാക്കുക
(വാക്യങ്ങൾക്കു കെട്ടുറപ്പു വേണം.)
പദങ്ങൾക്കു ചടുലതയും.
വടിവൊത്ത ശ്ലോകങ്ങളല്ല വേണ്ടതു്,

അതു തല്ലിപ്പൊളിച്ച്
തവിട്ടു പൊടിയാക്കുക.
ഒരു കണ്ണ് എനിക്കു മീതെ ചുഴലുന്നു.
ഹൃദയത്തിൽ നിന്നു് രശ്മികളൊഴുകുന്നു
ആ മിഴി അത്ര ഉയരത്തിലാണ്–
— എനിക്ക് എത്താൻ പാടില്ലാത്ത വിധം
കുരിശിൻെറ ദണ്ഡിനുമപ്പുറത്തു്.

എൻെറ ലോകം എത്ര ക്ഷുദ്രമാണ്;
ഞെക്കിപ്പിഴിയപ്പെടുന്ന നീതി,
നിയമങ്ങളും, ചട്ടവട്ടങ്ങളും.
അങ്ങയുടെ ലോകമോ എത്ര വിശാലം:
ആ മിഴി, കുരിശിൻ ദണ്ഡ്, അങ്ങ്!
അങ്ങയുടെ മഹത്തായ ലോകത്തിൽ
ക്ഷുദ്രതയെ ഇകഴ്ത്തിക്കൊള്ളുവാൻ

അങ്ങേയ്ക്കു കഴിയും.
എൻെറ ലോകത്തെ
നിശ്ശേഷം തകർത്തു കളഞ്ഞാലും.
കുരിശു വഹിക്കുന്ന അങ്ങേയ്ക്കു്
അതിനു കഴിയും.
അങ്ങ് അഭിഗമ്യനാണ്,
ഉദാര ചിത്തനാണ്,
എല്ലാ മനുഷ്യരും
അങ്ങിൽ അടങ്ങിയിരിക്കുന്നു.

അല്ല, ഇപ്പോഠ ഞാൻ ആവശ്യപ്പെടുന്നതു്
വെറും നീതിക്കു വേണ്ടിയല്ല.
ഞാനിപ്പോഠ ഒരു ഉമ്മറപ്പടിയിൽ
നില കൊള്ളുന്നു
ഒരു പുതിയ ലോകം ഞാൻ കാണുന്നു.
ജനക്കൂട്ടം കടന്നു പോകുന്നു:
സ്ത്രീകഠ, കുട്ടികഠ, പടയാളികഠ.
അവർ ദൈവവുമായുള്ള
അതിർത്തി മേഖലയിൽ
ചുററിക്കറങ്ങുന്നു.
നിശ്ശബ്ദമായിരിക്കുക.
നീതി പ്രക്ഷോഭത്തിനായി, മുറവിളി കൂട്ടുന്നു.
പക്ഷേ, പ്രക്ഷോഭം ആർക്കെതിരെ?

# സഭ

വി. പത്രോസിന്റെ ബസ്ലിക്കാ
1962-ലെ ശരൽക്കാലം
ഒക്ടോബർ 11-ഡിസംബർ 8

## ചുമര്

ഋജുവായൊരു ചുമര്,
ചുമരിന്റെ ഒരു ഖണ്ഡം,
ചുമരിൽ അവിടവിടെ ദ്വാരങ്ങൾ,
ദ്വാരങ്ങളുടെ ഇരുവശത്തും
ചതുരത്തൂണുകൾ.
ദ്വാരങ്ങളിൽ വിശുദ്ധന്മാരുടെ രൂപങ്ങൾ.
അവ തെന്നിത്തെന്നി നീങ്ങവേ
തടഞ്ഞു നിർത്തപ്പെട്ടവയാണെന്നു തോന്നും.
തുറന്ന പുസ്തകങ്ങളിൽനിന്നു പ്രവഹിക്കുന്ന
ഗംഭീരമായൊരു ചലനത്തെ
അവ, ഒരേയൊരു ചലനത്തിൽ
കാട്ടിത്തരുന്നു.

വളഞ്ഞ മേൽക്കൂരകൾ
ചുവരിനൊരു ഭാരമല്ല.
വിദൂരതകളിൽ, തങ്ങളുടെ തളർന്ന ഹൃദയങ്ങളുടെ
ഏകാന്തമായ മുറികളിൽ നിവസിക്കുന്ന
സജീവ മനുഷ്യരും ഒരു ഭാരമല്ല.
മനുഷ്യൻ ശിശുവായി ജനിക്കുകയും
അമ്മയുടെ മുലപ്പാൽ നുണഞ്ഞുകൊണ്ടിരിക്കുകയും
ചെയ്കേ,
ഇപ്പോൾ ഭൂമിയെ വലയം ചെയ്യുന്ന
അഗാധതയും ഒരു ഭാരമല്ല.

## അഗാധഗർത്തം

മരുൽ പ്രവാഹംകൊണ്ടു നിറയ്ക്കപ്പെട്ട
ഒരു സ്ഥലമായിട്ടാണു്
നിങ്ങൾ എപ്പോഴും അതിനെ കാണുന്നതു്.
അവിടെ, വിദൂരശിലകളിൽ നടപ്പെട്ട
വിത്തുകൾക്കൊപ്പം
കണ്ണാടിച്ചില്ലുകൾ പ്രതിഫലനം ചേർത്തു
മിന്നിത്തിളങ്ങുന്നു.

ഇനി, കണ്ണിന്റെ പ്രതിഫലനത്തിൽ
മിന്നിത്തിളങ്ങുന്ന
അഗാധഗർത്തത്തെ നിരീക്ഷിക്കുക.
നാമെല്ലാം അതു നമ്മിൽ സംവഹിക്കുന്നു.
മനുഷ്യർ ഒരുമിച്ചു കൂടുമ്പോൾ
ഈ അഗാധതയെ
ഒരു വഞ്ചിയെന്നവണ്ണം
ചുമലുകളിലേയ്ക്കു് അവർ സ്ഥലം മാററുന്നു.
ഈ ബഹളത്തിനിടയിൽ
കുറുക്കുവഴികളില്ല.

കണ്ണിൽനിന്നു് ഒരു കിരണമെടുത്തു്
നിങ്ങളുടെ അടയാളം രേഖപ്പെടുത്തുക.
മനസ്സിലെ ഗർത്തം നിങ്ങൾ കാണുന്നില്ലെങ്കിലും
അതു് അവിടെയില്ലെന്നു സങ്കല്പിക്കരുതു്.
പ്രകാശം നിങ്ങളുടെ ദൃഷ്ടിയിലെത്തിയില്ലെന്നു വരാം.

പക്ഷേ വഞ്ചി നിങ്ങളുടെ ചുമലിലേയ്ക്കു
മാററപ്പെടുന്നു.
അഗാധത എല്ലാ മനുഷ്യരിലും
ശരീരത്തിൻെറ ആവരണമണിഞ്ഞു്
ഒരു യാഥാർത്ഥ്യമായിത്തീരുന്നു.

## നീഗ്രോ

പ്രിയപ്പെട്ട സഹോദരാ, താങ്കളെ കാണുമ്പോൾ
വിസ്തൃതമായ ഒരു ദേശത്തെയാണ്
ഞാൻ ഓർമ്മിക്കുക.
അവിടെ നദികൾ പൊടുന്നനെ
വററിപ്പോകുന്നു.
ഉരുക്കുമൂശ ലോഹത്തെയെന്നപോലെ
സൂര്യൻ ശരീരത്തെ ചുട്ടുപൊള്ളിക്കുന്നു
താങ്കളുടെ ചിന്തകൾ
എന്റെ സ്വന്തമെന്നപോലെ
ഞാൻ അറിയുന്നു.
അവ വേറിട്ടു നിൽക്കുന്നെങ്കിലും
തുലാസ്സ് ഒന്നുതന്നെ.
അതിന്റെ തട്ടുകളിലാവട്ടെ
സത്യവും പ്രമാദവും.
ചിന്തകൾ ഒരേ തട്ടുകളിൽ
തൂക്കി നോക്കുന്നതിൽ ആനന്ദമുണ്ട്.
താങ്കളുടെയും എന്റെയും നയനങ്ങളിൽ
വ്യത്യസ്ത രൂപത്തിൽ മിന്നിത്തെളിയുന്ന അതേ
ചിന്തകൾ!
–അവയുടെ സാരാംശം ഒന്നുതന്നെ.

## മാർബിൾത്തറ

നമ്മുടെ പാദങ്ങൾ ഈ സ്ഥലത്ത്
ഭൂമിയുമായി സന്ധിക്കുന്നു.
നിരവധി ചുമരുകൾ;
നിരവധി സ്തംഭങ്ങൾ
എങ്കിലും നമുക്കു വഴി പിണയുന്നില്ല.
അർത്ഥവും ഒരുമയും കണ്ടെത്താൻ
നമുക്കു കഴിഞ്ഞെങ്കിൽ,
ഈ തറയാണ് നമുക്കു വഴി കാട്ടിയത്.
അത് മഹത്തായ ഈ സൗധത്തിലെ
ഇടങ്ങളെ കൂട്ടിച്ചേർക്കുന്നു.
നമ്മുടെ ഉള്ളിലെ ഇടങ്ങളെയും
അതു കൂട്ടിച്ചേർക്കുന്നു.
സ്വന്തം ദൗർബ്ബല്യത്തെയും
പരാജയത്തെയും കുറിച്ചുള്ള
അവബോധത്തോടെയാണ്
നാം അതിന്മീതെ സഞ്ചരിക്കുന്നത്.
പത്രോസേ, നീയാണു തറ.
(എങ്ങോട്ടാണു പോകുന്നതെന്നറിവില്ലാത്ത)
മററുള്ളവർ നിൻെറ മീതെ നടക്കുന്നു.
നീ അവരുടെ ചുവടുകൾക്കു വഴികാട്ടുന്നു.
അങ്ങനെ അവരുടെ ദൃഷ്ടികളിൽ
ഇടങ്ങൾ ഒന്നായിത്തീരുന്നു.
അവരിൽ നിന്നു്
ചിന്ത ജനിക്കുകയും ചെയ്യുന്നു.

പാറ ആട്ടിൻപററത്തിൻെറ
കുളമ്പുകൾക്കെന്നപോലെ
കടന്നു പോകുന്നവരുടെ പാദങ്ങൾക്ക്
നീ പരിചര്യ ചെയ്യുന്നു.
പാറ ഭീമാകാരമായ ഒരു ദേവാലയത്തറയാണ്.
കുരിശ്ശ് ഒരു മേച്ചിൽപ്പുറവും.

# ഭൂഗർഭാലയം

നാം മാർബിറംത്തറയുടെ താഴേയ്ക്കു പോകണം.
തറയിൽ പാദമുദ്രകളുടെ
പരമ്പരകറം പതിഞ്ഞു കിടക്കുന്നു.
നമ്മറം പാറയിലൂടെ തുരന്നു കടക്കണം
അപ്പോറം, ആട്ടിൻപററത്തിൻെറ കുളമ്പുകറംകൊണ്ടു്
ചവിട്ടിമെതിക്കപ്പെട്ട
മനുഷ്യനെക്കാണാം.
തങ്ങറം ആരെയാണു ചവിട്ടിമെതിച്ചതെന്നു്
അവർ അറിഞ്ഞില്ല.
അതു് കടന്നുപോകുന്ന
ഒരു മനുഷ്യനെയായിരുന്നോ?
അഥവാ, ഒരിക്കലും കടന്നു പോകാത്ത
മനുഷ്യനെയോ?
ഭൂഗർഭാലയം പറയുന്നു:
ഞാൻ ലോകത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു
ഞാൻ ഉപരോധിക്കപ്പെട്ടിരിക്കുന്നു.
ലോകം തളർന്നുപോയ യോദ്ധാക്കളുടെ
ഒരു സൈന്യമാണു്.
അവർ പിൻവാങ്ങുകയില്ല.

## സൂനഹദോസ്

അവർ വീണ്ടും വീണ്ടും യാത്ര തിരിക്കുന്നു.
താന്തതയ്ക്കു വിശ്രമിക്കാൻ
ശവകുടീരമില്ല.
മുട്ടിന്മേൽ നിരങ്ങി നീങ്ങാൻ പോലും
കഴിവററ പടുവൃദ്ധന്മാർ വരെ
മത്സരക്കളത്തിലേയ്ക്കു തയ്യാറെടുത്തു നിൽക്കുന്നു
മങ്ങിയ മിഴികളും തിളങ്ങുന്ന കണ്ണുകളും
അന്യൂനമായതിനെ ദർശിക്കുന്നു.
അവർ കാണുന്നതു്
തങ്ങളുടെ ശരീരത്തിലും ആത്മാവിലും നിന്നു്
രൂപം കൊള്ളേണ്ട ഒരു ലോകത്തെയാണു്
തങ്ങൾ ത്യജിക്കുന്ന ജീവനിൽ നിന്നും
കൊതിക്കുന്ന മൃത്യുവിൽ നിന്നും
രൂപം കൊള്ളേണ്ട ഒരു ലോകത്തെ.
ആ ലോകം ഒരു കള്ളനെപ്പോലെ വന്നു്
അപഹരിക്കും.
നാം ദരിദ്രരും നഗ്നരുമായി,
കണ്ണാടിക്കൊപ്പം സുതാര്യരായിത്തീരും
–മറിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന
കണ്ണാടിക്കൊപ്പം.
മനഃസ്സാക്ഷിയുടെ ചമ്മട്ടിയേററു്
ഈ വിപുലക്ഷേത്രം അസ്തമിക്കയാണു്.
പിളർന്ന ലോകം ഒന്നായിത്തീരണം.

## സുവിശേഷം

സത്യം മുറിവുകളിൽ എണ്ണ പകർന്നു്
വേദന ശമിപ്പിക്കുന്നില്ല.
അതു നമ്മെ കഴുതപ്പുറത്തിരുത്തി
തെരുവു പ്രദക്ഷിണം നടത്തുന്നുമില്ല.
സത്യം വേദനിപ്പിക്കുന്നതും
ഗോപനം ചെയ്യുന്നതുമായിരിക്കണം.
രമ്യഹർമ്മ്യങ്ങൾ രൂപമെടുക്കുന്നതു
തലച്ചോറിലാണു്.
കെട്ടിയുയർത്തപ്പെട്ടപ്പോൾ
അവയ്ക്കു ചെരിവുണ്ടായെന്നു വരാം.
അപ്പോൾ ശ്രമിക്കേണ്ടതു്
മുഖപ്പിനു മുകളിലുള്ള
വാർപ്പുപണി നേരെയാക്കാനല്ല,
പ്രത്യുത, തിരകൾ വള്ളങ്ങൾക്കെന്നവിധം
പ്രതിരോധം സൃഷ്ടിച്ചുകൊണ്ടു
അങ്ങുതാഴെ സ്ഥിതിചെയ്യുന്ന
തറയെ ബലപ്പെടുത്തണം.
സത്യം മനുഷ്യനെ താങ്ങിനിർത്തുന്നു.
അവനു് തന്നെത്തന്നെ ഉയർത്താൻ
കഴിയാതെ വരുമ്പോൾ
കെട്ടിടത്തിനു് ഇരട്ടിഭാരം തോന്നുന്നു.
നിഗൂഢമായി വർത്തിക്കുന്ന
ഇളകിയ മണ്ണു്
നാം നമ്മിൽത്തന്നെ കണ്ടെത്തുന്നു.

കഴുത കടന്നുപോകുന്ന
അത്ഭുതസ്തിമിതമായ തെരുവുകളിലൂടെ
നാം ഉഴറി നടക്കുന്നു.
(തെരുവുകളിൽ സത്യം അടിക്കടി ക്ഷയിക്കുകയാണോ?
—അതോ വർദ്ധിക്കുകയോ?)
നാം ശാന്തരായി മുമ്പോട്ടു നോക്കുന്നു,
നമ്മൾ ഭയത്തിനതീതരായിത്തീർന്നിരിക്കുന്നു.

## അരുവികളും കരങ്ങളും

നമുക്കു് ആശ്രയിക്കാൻ വാക്കുകളുണ്ടു്,
പണ്ടേ ഉച്ചരിക്കപ്പെട്ട വാക്കുകൾ
മാററം സംഭവിച്ചേക്കുമോ എന്ന ഭയപ്പാടിൽ
ഇപ്പോഴും വിറയലോടെ
ഉച്ചരിക്കപ്പെടുന്ന വാക്കുകൾ.
പക്ഷേ, അതുകൊണ്ടു മതിയാകുമോ?
എന്തെന്നാൽ നമ്മെ പിടിയിലാക്കിയിരിക്കുന്ന
അദൃശ്യകരങ്ങളുണ്ടു്.
തന്മൂലം വഞ്ചിയെ നയിച്ചുകൊള്ളുക
ദുഷ്ക്കരമത്രെ.
വഞ്ചി, ആഴം കുറഞ്ഞ
സ്ഥലങ്ങളുണ്ടെന്നിരിക്കലും,
നിശ്ചിതമാർഗ്ഗത്തിലൂടെ മുന്നേറുന്നു.
അദൃശ്യകരങ്ങളെ അന്വേഷിക്കാതെ
അരുവിയിൽ മുഴുകുന്നതു കൊണ്ടു
മാത്രമായോ?

# വൻദകൻമാരുടെ പിറവി

## രണ്ടു നഗരങ്ങൾ

രണ്ടു നഗരങ്ങളിൽ ഓരോന്നും
സമഗ്രതയുള്ളതാണ്.
അതിനെ ഹൃദയത്തിൽ നിന്നു
ഹൃദയത്തിലേയ്ക്കു
സംവഹിക്കുക ദുഷ്ക്കരം.
ഓരോന്നും കഴിയുന്നതു്
നമ്മുടെ ഹൃദയത്തിൻെറ ചെലവിൽ.
നമ്മിലോരോരുത്തരും
ആ ഓരോ പട്ടണത്തിലും
കഴിയണം.

ഏതെങ്കിലും ഒന്നിനോടു്
പൂർണ്ണമായി ഏകീഭവിക്കാതെ
നമുക്കു നിലനിൽക്കാനോ
വിശ്വസ്തത പുലർത്താനോ
സാധ്യമല്ല.
(മൂന്നാംനഗരത്തിൻെറ
വെളിച്ചങ്ങൾക്കു മീതെ
നാം ദീർഘസമയം
ഇതേക്കുറിച്ചു സംസാരിക്കുന്നു.
അതു് അതിൻെറ മികവുററ തനിമ
കാട്ടുന്നതു് സന്ധ്യയ്ക്കാണ്.
-ദിവസത്തിൻെറ ലോഹത്തകിടു്
പുറന്തള്ളപ്പെടുന്ന സന്ധ്യയ്ക്കു്.)

## ഒരു പർവ്വതഗ്രാമത്തിൽ സ്ഥൈര്യലേപനം നൽകുന്ന മെത്രാന്റെ ചിന്തകൾ

ലോകം നിഗൂഢമായ ഊർജജങ്ങളാൽ
നിറഞ്ഞിരിക്കുന്നു.
ഞാൻ ധൈര്യപൂർവ്വം അവയെ
പേരു ചൊല്ലി വിളിക്കുന്നു.
നിരർത്ഥ പദങ്ങളെക്കൊണ്ടല്ല;
അവ ചാടി വീഴാൻ തയ്യാറാണെങ്കിലും
ശിലാതലത്തിൽ പർവ്വത നീർച്ചോല പോലെ
കുട്ടിയടിക്കുന്നില്ല.
അഥവാ വൃക്ഷങ്ങളെപ്പോലെ
ദൃഷ്ടിപദത്തിൽ നിന്നു്
പിന്നോക്കം പാഞ്ഞു മറയുന്നില്ല.

പദങ്ങളെ സൂക്ഷിച്ചു നോക്കു,
ജനൽക്കണ്ണാടിയിലൂടെ നാം
പ്രാണികളെ നിരീക്ഷിക്കും പോലെ.
പദങ്ങളുടെ ഉപരിതലത്തിനു താഴെ
നിങ്ങളുടെ പാദങ്ങൾ
ഉറപ്പുള്ള തറയിൽ ഊന്നിനിൽക്കുന്നു.
(ഈ ചിന്ത പ്രവാഹങ്ങളെ ഉള്ളടക്കുന്നു,
അസംഖ്യം കണികകളെയല്ല.)
ഞാൻ ഒരു ദാതാവാണു്,
മനസ്സിനെ വികസിപ്പിക്കുന്ന ശക്തികളെ
ഞാൻ തൊട്ടുണർത്തുന്നു.

ചിലപ്പോഠം അവശേഷിക്കുന്നതു്
നക്ഷത്രരഹിതമായ ഒരു രാത്രിയെക്കുറിച്ചുള്ള
സ്മരണകഠം മാത്രം!

2

ഉള്ളിലേയ്ക്കു കുനിഞ്ഞുകൊണ്ടു്
ഇതാ വളരെപ്പേർ!
അവർ വളഞ്ഞ നിരകളിലായി
നിലകൊള്ളുന്നു.
പരിക്ഷീണമായ ഒരു പുഷ്പം
തെരുവിൽ മുളയെടുത്തു്
അവരുടെ ഹൃദയത്തിൽ
വേരിറക്കുന്നതായി തോന്നിപ്പോകുന്നു.

3

അവരുടെ ആകാര പ്രകൃതികളിൽ
ഞാൻ ഒരു വയൽ ദർശിക്കുന്നു—
നിരപ്പായ, വെണ്മയുള്ള,
ഉഴുതു മറിച്ച ഒരു വയൽ,
അവരുടെ ചെന്നികഠം ഒരു താഴ്വാരം,
പുരികങ്ങഠം ചുവട്ടിൽ ഒരു രേഖ.
എന്റെ തുറന്ന കൈയുടെ സ്പർശനം
അവരിലെ പ്രത്യാശയെ അനുഭവിച്ചറിയുന്നു.
അതിനു പിന്നിൽ ചിന്തയുണ്ടു്,—
നേരിൽക്കാണാതെ,
തെരഞ്ഞെടുക്കുന്ന ചിന്ത.
അവരുടെ ചുളിവുകളുടെ ചിത്രങ്ങളിൽ
യുദ്ധസന്നദ്ധത നിഴലിക്കുന്നുണ്ടോ?
അവരുടെ മുഖങ്ങഠംക്കു മീതെ
നിഴലുകഠം നീങ്ങിക്കൊണ്ടിരിക്കുന്നു.
ഒരു വിദ്യുന്മേഖല ത്രസിക്കുന്നു.

## 4

വിദ്യച്ഛക്തി വസ്തുതയാണ്,
പ്രതീകമല്ല.
ഞാൻ, ഇമകൾക്കിടയിലൂടെ
അവരുടെ മിഴികളിലേയ്ക്കു നോക്കുന്നു—
സുതാര്യമായ ഒരു തോപ്പിലൂടെ
കടന്നുവരുന്ന വെളിച്ചം പോലുള്ള മിഴികൾ.
അവയുടെ ഉപരിതലം
നിഗൂഢതലവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.
ദൃഷ്ടിഗോചരമാവാതെ
വ്യാപിച്ചു കിടക്കുന്ന
ഒരതിർത്തി മേഖലയാണത്—
ചിന്തകൾ കണ്ണുകളിലേയ്ക്കുയരുന്ന
– ശലഭങ്ങൾ കണ്ണാടിച്ചില്ലിലേയ്ക്കെന്ന വിധം.
അവ അഗാധമായ കൺമണികളിൽ
നിശ്ശബ്ദം തിളങ്ങി നിൽക്കുന്നു.
മനുഷ്യൻെറ ചെയ്തികൾ
എത്ര അഗാധമാണ്!

## 5

ആത്മാവ് എന്നും അദൃശ്യമാണ്,
നയനം ചിന്തയെ പ്രതിഫലിപ്പിക്കുന്നു
ഞാൻ ചിന്തയെ ഇടയ്ക്കു വച്ചു കണ്ടുമുട്ടി
പിന്തിരിഞ്ഞു പോരുന്നു.
മുഖത്തെ അനാവരണം ചെയ്ത്
അതിലെ നിഴലുകൾ തുടച്ചു മാററിക്കൊണ്ടു
മിഴി മുഖവുമായി മത്സരിക്കുന്നു.
മുഖ ഭാവം എല്ലാം തുറന്നു കാട്ടുന്നു.
സത്ത അവ്വിധം പ്രകാശനം കൊള്ളുന്നതു്
മറെറവിടെയാണ്?

ഒരുശിശുവിൻെറ നയനങ്ങൾ
എത്ര പ്രകാശനക്ഷമം!
അതു് അജ്ഞാതമായൊരു ഭൂമദ്ധ്യരേഖയെ
നിരന്തരം തരണം ചെയ്യുന്നു.
(അപ്പോൾ ഭൂമി ചിന്തയുടെ
ചെറിയൊരു പരമാണു മാത്രം)
അന്തരീക്ഷത്തിൽ അദൃശ്യ സമ്മർദ്ദങ്ങൾ
കുരുങ്ങിക്കിടക്കുന്നു.
എങ്കിലും ഈ ഇരുട്ടിലും
അടുത്തു വരാൻ മാത്രം വെളിച്ചമുണ്ടു്.

7

പക്ഷേ, ആരാണു വരാനുള്ളതു്?

8

മററുള്ളവയെന്തും അതിൽത്തന്നെ
ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു.
തൃണങ്ങൾ കാററിൻെറ ശിഖയിൽ,
ഫലസമൃദ്ധമായ ആപ്പിൾ മരം
അന്തരീക്ഷത്തിൻെറ തൊട്ടിലിൽ.
എപ്പോഴും തനിക്കു മുമ്പിൽ നടക്കുന്നവനെ
മനുഷ്യൻ കണ്ടുമുട്ടുന്നു.
ധൈര്യം അവരുടെ സംഗമസ്ഥാനം,
ഓരോ മനുഷ്യനും ഒരു കോട്ടയാണു്.

## ഒരു പർവ്വത ഗ്രാമത്തിൽ സ്ഥൈര്യലേപനം സ്വീകരിക്കുന്ന ഒരുവൻെറ ചിന്തകൾ

1

ഞാൻ ജന്മം കൊള്ളേണ്ടതെങ്ങനെ?
നദീതടം വററിവരണ്ടിരിക്കുന്നു എന്നു
മർമ്മരരവമുതിർക്കുന്ന
പർവ്വത നദിക്കു തുല്യം പതഞ്ഞൊഴുകി,
പിന്നെ, വലിഞ്ഞു നിൽക്കുന്ന കയറിൽ
ഒരു ശിശുവെന്നതു വിധം,
തട്ടിമറിയുന്ന
പ്രകാശത്തോടൊത്തു ഞാൻ നീങ്ങണമോ?
ജലം ഹൃദയത്തിലടിച്ചു കയറി
എൻെറ സമാധാനം അപഹരിച്ചുകൊണ്ടു പോകുംവിധം
ഒരു ചിന്തയ്ക്കു മീതെ, ഒരു കവാടത്തിനു മീതെ,
കാലുതട്ടി മറിയുക!

ഒരു അരുവിയ്ക്കായി ഞാൻ ആവശ്യപ്പെടണമോ ?
ഒരിക്കലും നിലയ്ക്കാതെ,
ഒരിക്കലും ഒരു തിരയുമായി ഏററു മുട്ടാതെ,
നീർച്ചാലോടൊത്തു നീങ്ങിയാൽ മതിയോ?
ഏററു മുട്ടുകയെന്നാൽ ഏററുപറയലാണോ?
ഒരു വേള ചിന്ത ആദ്യമേ
രൂപപ്പെടുത്തേണ്ടതുണ്ടാവാം,
അദ്ധ്വാനം ആരംഭിക്കേണ്ടതുണ്ടാവാം,
ദുർബ്ബലമായ ഒരു കുററിയിൽ
നങ്കൂരമുറപ്പിച്ചുകൊണ്ട്
വഞ്ചി വേലിയേററത്തിനെതിരെ
കവാടം തുറക്കുന്നതു പോലെ.)

## 2

എൻെറ ചിന്ത എല്ലാററിനേയും
അവസാനം വരെ
ഉള്ളടക്കിക്കൊണ്ടേയിരിക്കണമോ?
ഞാൻ ഒരിക്കലും എനിക്കായി,
എനിക്കുവേണ്ടി മാത്രം
ചിന്തിക്കാൻ പാടില്ലെന്നോ?
വിചിത്രമായ ഒരു പ്രതിഭാസമായി
എന്നെ കരുതരുത്.
ഞാൻ ആകസ്മികമായ
ഒരസ്തിത്വം മാത്രമാണെന്നോർമ്മിക്കുക.
എന്നിൽ സത്യമുണ്ടെങ്കിൽ
അതു് ഒരിക്കൽ ബഹിർഗമിക്കാതിരിക്കില്ല.
എനിക്ക് അതിനെ നിരാകരിക്കാൻ
കഴിയില്ല.
എന്നെത്തന്നെ ഞാൻ നിരാകരിച്ചാൽപ്പോലും.

## 4

(ഒരു നടപ്പാലത്തെക്കുറിച്ചുള്ള ചിന്തകൾ)

ഞാൻ നടപ്പാലത്തിൽ
ആദ്യത്തെ ചുവടുകൾ വയ്ക്കുന്നു.
എൻെറ ഹൃദയം!–
അതു് ഓരോ തടിക്കഷണത്തിലും
ത്രസിച്ചുകൊണ്ടിരിക്കുന്ന ഒരു നടപ്പാലമാണോ?
ചിന്ത ഒരു നടപ്പാലമാണോ?
(ഹൃദയം പിന്തുടരുന്നതിനെ മാത്രമേ
ചിന്തകൾ തെരയാറുള്ളു.
വികാരങ്ങൾ, സംവേദനങ്ങൾ–
ഏതാണ് എന്നിൽ കുമിഞ്ഞു കൂടുക?)
എല്ലാം ഈ നടപ്പാലംതന്നെ.

എങ്കിലും ഞാൻ വ്യത്യസ്തമാം വിധം
വളരുകയും
വ്യത്യസ്തമാം വിധം കാററിനോട്
പ്രതികരിക്കുകയും
വ്യത്യസ്തമാം വിധം ഉലയുകയും
ചെയ്യുന്നു.
ശക്തരും ദുർബ്ബലരും എന്നോട്
സംസാരിക്കുന്നു,
ശക്തിയാണു വൈജാത്യം.
ലോകം ദൗർബല്യത്തെയും
വിഭിന്ന രീതിയിൽ സമാശ്രയിക്കുന്നു,

പാലം അതിനെ തരണം ചെയ്യുന്നവൻെറ
പ്രതിരൂപം മാത്രമാണോ?
അവൻ അഗാധതയ്ക്കു മീതെ
കരയ്ക്കു വേണ്ടി ഉഴന്നുകൊണ്ട്
പ്രവാഹങ്ങളുടെ സംഗമ സ്ഥലത്തു
ത്രസിച്ചു കൊണ്ടിരിക്കുന്നു.
മനുഷ്യൻ അവനിൽത്തന്നെ
മണിക്കൂറുകളുടെ ഭാരം അറിയുന്നില്ല.
അവ തലയ്ക്കു മീതെ തൂങ്ങിനിൽക്കുന്ന
ചുവട്ടിൽ അപ്രത്യക്ഷമാവുകയും ചെയ്യുന്നു,

5

തിരയിൽ നിന്നു വാർന്നെടുത്ത
ഒരു പാർശ്വ ചിത്രം പോലെ
ഞാൻ നില കൊള്ളുന്നു.
തിര എന്നെ പിന്നിൽ വിട്ടു പിൻവാങ്ങുന്നു
എൻെറ ചലനം മറെറാന്നാണ്:
അവിടെ സുതാര്യമായ
വലയങ്ങൾക്കുള്ളിൽ

ഒരു രൂപം ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു.
ഇവിടെ എന്റെ സ്വന്തം ജീവിതത്തിൽ
സത്യം സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു

6

കാത്തിരിക്കുക,
ക്ഷമാലുവായിരിക്കുക.
ഞാൻ നിന്നെ
എല്ലാ നദീതടങ്ങളിൽ നിന്നും
അരുവികളിൽ നിന്നും
പ്രകാശത്തിന്റെ ഉറവകളിൽ നിന്നും
വൃക്ഷത്തിന്റെ വേരുകളിൽ നിന്നും
സൂര്യന്റെ മൈതാനങ്ങളിൽ നിന്നും
പിൻവലിക്കും.
ഇവയെല്ലാം എന്നിലായിരിക്കുകയും
ഭീതിയുടെയും പ്രത്യാശയുടെയും
വിവിധ ഭാവങ്ങളെ ഞാൻ ഉൾക്കൊള്ളുകയും
ആകാശത്തെപ്പോലെ തെളിമയാർന്ന
ആഴങ്ങളിലെത്തുകയും ചെയ്യുമ്പോൾ
ആരും പറയുകയില്ല:
ഞാൻ ലളിതവൽക്കരിക്കുന്നെന്ന്.

## ദൈവവുമായി ഒരു സംഭാഷണം ആരംഭിക്കുന്നു

മനുഷ്യശരീരം മരണവിധേയമാകുന്നതു്
ഒരു വൃക്ഷം നശിക്കുന്നതിനെക്കാൾ
വേഗത്തിലാണു്,
നേരത്തെയും.
എന്നാൽ ഭൂഗർഭാലയങ്ങളിലും
നിലവറകളിലുമുള്ള
മരണകവാടങ്ങൾക്കപ്പുറത്തും
മനുഷ്യൻ നിലനിൽക്കുന്നു.
പിരിഞ്ഞു പോകുന്നവൻ
പിൻഗാമികളിലൂടെ നിലനിൽക്കുന്നു,
പിൻഗാമി പിരിഞ്ഞു പോയവരിലൂടെയും.
എല്ലാ പോക്കുവരവുകൾക്കുമപ്പുറം
മനുഷ്യൻ നിലനിൽക്കുന്നു,
—അവനിൽത്തന്നെ;
—നിങ്ങളിലും.

മനുഷ്യരുടെ ചരിത്രം
എപ്പോഴും ആരായുന്നതു്
ശരീരത്തെയാണു്—
നിങ്ങൾ അവർക്കു നൽകുന്ന ശരീരത്തെ.
ചരിത്രത്തിലെ ഓരോ മനുഷ്യനും
ശരീരം നഷ്ടപ്പെടുമ്പോൾ
നിങ്ങളിൽ ചേർന്നു നില്ക്കുന്നു.
മനുഷ്യൻ ചരിത്രത്തിൻെറ ഒരു ഭാഗം മാത്രം-
ഒരു ജീവിതവുമായി സംയോജിക്കപ്പെട്ട
ഒന്നോ രണ്ടോ നൂററാണ്ടുകളുടെ കഷണങ്ങൾ.
എങ്കിലും വേർപാടിൻെറ നിമിഷത്തിൽ
ഓരോ മനുഷ്യനും ചരിത്രത്തെക്കാൾ ശ്രേഷ്ഠനാണു്.

## മനുഷ്യനുമായി ഒരു സംഭാഷണം ആരംഭിക്കുന്നു: വസ്തുക്കളുടെ അർത്ഥം.

ഇക്കാര്യത്തിൽ ഞങ്ങൾ വിയോജിക്കുന്നു;
അയാൾ പറയുന്നു:
മനുഷ്യൻ വിധിക്കപ്പെട്ടിരിക്കുന്നത്
അവൻെറ ശരീരനഷ്ടത്തിനു മാത്രം.
മനുഷ്യചരിത്രം ആരായുന്നത്
പദാർത്ഥങ്ങളുടെ ശരീരത്തെയാണ്,
മററൊന്നിനേയുമല്ല,
മനുഷ്യൻ മരിക്കുന്നു,
വസ്തുക്കൾ അവശേഷിക്കുന്നു.
തലമുറകൾ അവയെ ഉപജീവിച്ച്
നിലനിൽക്കുകയും ചെയ്യുന്നു.
പക്ഷേ വസ്തുക്കൾക്ക്
വ്യക്തിപരമായ മരണമില്ല.
വസ്തുക്കളുടെ അനശ്വരതയിലൂടെ
മനുഷ്യൻ അവശേഷിക്കുന്നു.

പക്ഷേ ഞാൻ പറയുന്നു:
മനുഷ്യനിലെ പലതും പദാർത്ഥങ്ങളിലൂടെ
മരിക്കുന്നു.
എന്നാൽ മററുപലതും അവശേഷിക്കുന്നു,
അമരമായതിനെ ആശ്ലേഷിക്കാനോ
അതിൻെറ പാർശ്വചിത്രവും വ്യാപ്തിയും
കണ്ടെത്താനോ
നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

ദുർജ്ഞേയതകളെപ്പററി പറയേണ്ടാ,
മനുഷ്യൻ ഒരു ദുർജ്ഞേയതയല്ല.
മനുഷ്യനിൽ എപ്പോഴും മാനുഷികതയുണ്ട്.
വസ്തുക്കളിൽ നിന്നു മനുഷ്യനെ
വേർതിരിക്കരുത്.
അവ അവൻെറ ചരിത്രത്തിൻെറ ഗാത്രമാണ്.
മനുഷ്യരെ മനുഷ്യരിൽ നിന്ന്
വേർപെടുത്തരുത്.
അവരുടെ ചരിത്രത്തിൻെറ
ശരീരമായിത്തീർന്നിരിക്കുന്നത് അവനാണ്—
തികച്ചും മാനുഷികമായതിനെ രക്ഷിക്കാൻ
വസ്തുക്കൾക്ക കഴിയുമോ?
അതിനു കഴിവുററവൻ
മനുഷ്യൻ മാത്രം.
നാം നമ്മുടെ ഭാവിയ്ക്കു മുമ്പിൽ
നിലകൊള്ളുന്നു.
അത് ഒരേ സമയം അടയുകയും
തുറക്കുകയും ചെയ്യുന്നു.
ബോധപൂർവ്വകമായ വിഭജനങ്ങളെക്കൊണ്ട്
പോക്കുവരവുകളുടെ ഏകതയെ
മറച്ചുകളയരുത്.
അവയിൽ ജീവൻ സ്പന്ദിക്കുകയും
രക്തം ഇററുവീഴുകയും ചെയ്തു.
മനുഷ്യൻ മരണമടഞ്ഞ
ഓരോ ഇടത്തേയ്ക്കും തിരിച്ചു ചെല്ലുക.
അവൻ ജനനം കൊണ്ട
സ്ഥലത്തേയ്ക്കും തിരിച്ചു ചെല്ലുക.
ഭൂതകാലം ജനനത്തിൻെറ സമയമാണ്,
മരണത്തിൻേറതല്ല,

## ചരിത്രത്തിന്റെ ശരീരമായിത്തീർന്ന മനുഷ്യനെക്കുറിച്ചു് ഒരു സ്തവം

ഞാൻ നിങ്ങളെ വിളിക്കുന്നു,
അന്വേഷിക്കുന്നു.
മനുഷ്യചരിത്രത്തിന്റെ ശരീരം
നിങ്ങളാണു്.
ഞാൻ നിങ്ങളെ സമീപിച്ച്
'വന്നാലും' എന്നു പറയുന്നില്ല.
ഞാൻ പറയുന്നതിത്രമാത്രം:
'ഉണ്മയായിരിക്കുക.'

രേഖകളൊന്നുമില്ലെങ്കിലും
മനുഷ്യൻ ഉണ്ടായിരുന്നിടങ്ങളിൽ
സന്നിഹിതനാവുക.
ആ മനുഷ്യനു് ആത്മാവും
അഭിലാഷങ്ങളുമുണ്ടായിരുന്നു,
മനസ്സും ഹൃദയവുമുണ്ടായിരുന്നു;
അവൻ വികാരഗ്രസ്തനും
വിശുദ്ധമായ ലജ്ജയാൽ
ദഹിപ്പിക്കപ്പെട്ടവനുമായിരുന്നു.
അദൃശ്യമെങ്കിലും യാഥാർത്ഥ്യമായിട്ടുള്ളതിന്റെ
അനശ്വരമായ ഭൂകമ്പമാപിനിയായി
വർത്തിക്കുക.


മനുഷ്യനിൽ നമ്മുടെ അഗാധതലങ്ങൾ
ഔന്നത്യങ്ങളെ പുൽകുന്നു.

അവൻ ഉള്ളിൽപ്പേറുന്നതു്
ഇരുളടഞ്ഞൊരു ഭാരമല്ല,
ഹൃദയമാണു്.
ഓരോ വ്യക്തിയും മനുഷ്യനിൽ
തങ്ങളുടെ അഗാധമായ രൂപകല്പനയും
പ്രവർത്തനങ്ങളുടെ വേരുകളും
കണ്ടെത്തുന്നു.
മനുഷ്യ പ്രവാഹത്തിലേയ്ക്കുററുനോക്കുന്ന
ജീവിതമരണങ്ങളുടെ ദർപ്പണമാണവൻ.

ചരിത്രത്തിൻെറ ആഴമില്ലായ്മകളിലൂടെ,
ഓരോ ഹൃദയത്തേയും
ഓരോ ചിന്തയെയും സമീപിച്ചു്
ഞാൻ എപ്പോഴും എത്തിച്ചേരുന്നതു്
നിന്നിലാണു്.
(ചിന്തകളുടെ വേലിയേററം,
ഹൃദയങ്ങളുടെ മരണം
—അതാണു ചരിത്രം.)
ചരിത്രത്തിൽ ഞാൻ ആരായുന്നതു്
നിങ്ങളുടെ ശരീരമാണു്,
നിങ്ങളിലെ അഗാധതയാണു്.

ALWAYE CHILDREN'S LIBRARY 767
ACHARYA PALACKAL JEEVASSKEN ORAM LIBRARY 11066 ALU..

# ജോൺ പോൾ രണ്ടാമന്റെ
# കവിതകൾ



വിവ: ജോസഫ് അഞ്ചനാട്ട്

# ജോൺ പോൾ രണ്ടാമന്റെ
# കവിതകൾ



വിവ: ജോസഫ് അഞ്ചനാട്ട്